# ആത്മപോഷിണി

| പുസ്തകം ൧. | ൧൦൮൮ ചിങ്ങം | ലക്കം ൫. |
|---|---|---|

## മംഗളം.

പാകത്തിൽപ്പാരിതൊക്കെപ്പണിയുമൊരു മരാമത്തിലേപ്പെട്ടൊഴിഞ്ഞോ-
താകല്പം കീർത്തികൂട്ടും പടി നിജവിരുതോരോന്നു കാണിച്ചു,തെല്ലാം
ഹാ! കഷ്ടം കാലവമ്പാലുടനൊട്ടുവു നശിച്ചൊട്ടുമാന്തിച്ചു, വീണ്ടും
ലോകം തീർപ്പാൻ പുതുക്കല്ലിട്ടുമരിയ പെരുന്തച്ചനെക്കൈ തൊഴുന്നേൻ.

—കുണ്ടൂർ നാരായണമേനോൻ.

SRI KRISHNA VILASAM READING ROOM MALAYINKEEL

## ഭാഷാഭാരതം — ചമ്പു.

### ഒരു വിമർശനം.

### II

ഈ പ്രഖ്യാതനായ മഹാകവി — പുനം — ഭാരതപ്രസിദ്ധമായ പാണ്ഡവകൌരവന്മാരുടെ ചരിത്രത്തെ ആസ്പദമാക്കിയാണ് പ്രസ്തുത പ്രബന്ധം നിർമ്മിച്ചിട്ടുള്ളത്. കഥയ്ക്കു മൂലഭാഗത്തിൽനിന്നും സാരമായ യാതൊരു ഭേദഗതിയും ചെയ്തിട്ടില്ല. കഥകളെ കിളിപ്പാട്ട്, ചമ്പു, തുള്ളൽ മുതലായ രീതിയിൽപ്പെടുത്തി കവിതയെഴുതുമ്പോൾ ഭേദഗതി ചെയ്യേണ്ട ആവശ്യവും സൌകര്യവുമില്ല. മഹാഭാരതത്തിൽ നിന്നെടുത്ത ശാകുന്തളത്തെ നാടകത്തിലാക്കിയപ്പോൾ പല ഭേദഗതികളും ചെയ്ത കാളിദാസൻ, കുമാരസംഭവത്തിൽ കഥാഗതിക്കു യാതൊരു ഭേദവും ചെയ്തിട്ടില്ലാത്തതു തന്നെ നോക്കുക. അതിനാൽ കഥാവിഷയത്തിൽ നമ്മുടെ പുനംനമ്പൂരി മഹാഭാരതക്കാരനെ പൂർണ്ണമായി അനുകരിച്ചിരിക്കുന്നതിൽ ന്യൂനത പറയാനില്ല. ഇതിൽ പാഞ്ചാലീസ്വയംവരം, ഖാണ്ഡവദാഹം, കിരാതം, കീചകവധം, ഗോഗ്രഹണം, യുദ്ധോദ്യോഗം, ദൂതവാക്യം, ജയദ്രഥവധം, ഭാരതയുദ്ധം, അശ്വമേധം എ

ന്നിങ്ങനെ പത്തു ഭാഗങ്ങളുണ്ടെന്നുള്ളത്. സുഭദ്രാഹരണം, രാജസൂയം, കാലകേയവധം മുതലായ പല കഥകളേയും അസാമാന്യമായി സങ്കോചിപ്പിച്ചിരിക്കുന്നു. ഭാരതകഥാപാത്രങ്ങൾക്കു ഭാരതത്തിൽ ഉള്ള പ്രാധാന്യം ഇതിലുമുണ്ട്. പാത്രസ്വഭാവവുമതുപോലെ തന്നെ. ധൃതരാഷ്ട്രരുടേയും പാണ്ഡുവിന്റെയും ജനനത്തോടുകൂടി കഥ ആരംഭിക്കുന്നു. ധർമ്മപുത്രരുടെ അശ്വമേധത്തോടു കൂടിയാണ് കഥ അവസാനിക്കുന്നത്.

നമുക്ക് ഈ കഥാഭാഗങ്ങളിൽ നിന്നും കവിതാനിരൂപണത്തിലേയ്ക്കു പ്രവേശിക്കുന്നതിനു മുമ്പു ചമ്പുക്കളെക്കുറിച്ചുകൂടി അല്പം പറയേണ്ടതായിട്ടുണ്ട്. ശാസ്ത്രകാരന്മാർ ഗദ്യപദ്യോഭയമയങ്ങളായി കാവ്യങ്ങളെ മൂന്നായി വിഭജിച്ചിരിക്കുന്നതിൽ ചമ്പുക്കൾ മൂന്നാമത്തെ വർഗ്ഗത്തിൽ ഉൾപ്പെടുന്നു. സംസ്കൃതത്തിലെ രാമായണാദിചമ്പുക്കളെ അനുകരിച്ചാണ് ഭാഷയിലും ചമ്പുക്കളെഴുതിയിട്ടുള്ളത്. ചമ്പുക്കൾ എന്ന രീതിയെ ആദ്യം ഭാഷയിലേപ്പെടുത്തിയതു പുനമാകുന്നു. ചമ്പുക്കളിൽ യഥോചിതം പല ഭാഗങ്ങൾ കാണും. ഇവയിൽ ഓരോന്നും ചിലപ്പോൾ ഓരോ മംഗളശ്ലോകത്തോടുകൂടി ആരംഭിക്കാറുണ്ട്. ഒരാൾ തന്റെ ഒരു സ്നേഹിതനോടു പറയുന്ന രീതിയിലാണ് കഥ ആരംഭിക്കുന്നത്. അതോടുകൂടി ആ ഭാഗത്തിലെ കഥാവിഷയവും ഘടിപ്പിച്ചിരിക്കും. ഇങ്ങനെ ചെയ്യുന്നതിൽ ചമ്പുകാരന്മാർക്കു വലിയ നിഷ്കർഷയുണ്ട്. സംസ്കൃതചമ്പുക്കളിൽ കാണാത്ത ഈ നിഷ്കർഷ, ഭാഷാചമ്പുക്കളിൽ പ്രബലമായിക്കാണാം. ചാക്യാന്മാർ കൂത്തു പറയുന്ന രീതിയെ ആശ്രയിച്ചായിരിക്കാം ഇങ്ങനെ ചെയ്തിട്ടുള്ളത്.

ഭാഷാചമ്പുക്കളിലെ ഗദ്യങ്ങളെ മൂന്നു തരത്തിൽ വിഭജിക്കാം. "ആനകൾ ചെന്നിട്ടുനത ചേർക്കും കാനനവിഷമിതമുണ്ടൊരു ഭാഗേ" എന്നിങ്ങനെ ഒരുവക ഒന്നാം വർഗ്ഗത്തിലുൾപ്പെടുന്നു. ഇവയ്ക്കു വൃത്തമാത്രാദിനിയമനിഷ്ഠയുണ്ട്. ഈ മാതിരി വൃത്തങ്ങൾ കുഞ്ചൻനമ്പ്യാർക്കു 'തുള്ളൽ' നിർമ്മിക്കാൻ വളരെ സഹായിച്ചിട്ടുള്ളവയാണ്. വൃത്തമാത്രാദിനിയമമുണ്ടെങ്കിലും, മുൻപറഞ്ഞതിൽ നിന്നും വ്യത്യസ്തമായി മറ്റൊരു വക ഗദ്യമുണ്ട്. ഇതിനു ദണ്ഡകമെന്നു പേർ പറയുന്നു. കഥകളികളിൽ ഈ വക ദണ്ഡകങ്ങൾ ധാരാളം ഉണ്ട്. ഈ രണ്ടു രീതിയിലുള്ള ഗദ്യങ്ങളേയും വാസ്തവത്തിൽ ഗദ്യം എന്നു പറയാൻ പാടില്ല. ഇനി ഒരു വക ഗദ്യമുള്ളതു സംസ്കൃതഗദ്യത്തെ അനുസരിച്ചെഴുതിയിട്ടുള്ളവയാണ്. ഇവ ചിലപ്പോൾ മുഴുവൻ സംസ്കൃതമയങ്ങളായിരിക്കും. ഇവയ്ക്കു ശരിയായി ഗദ്യം എന്നു പറയാൻ അർഹതയുണ്ട്. ചമ്പുക്കളിൽ ഗദ്യങ്ങളെ മിക്കവാറും വർണ്ണനയിലാണുപയോഗിക്കുന്നത്. സ്വതന്ത്രമായ മനോധർമ്മവൈപുല്യവും അക്ലിഷ്ടമായ രചനാവൈഭവവും കവിതാപ്രവാഹചാതുര്യവും എല്ലാം മിക്കവാറും ഗദ്യങ്ങളിലാണ് പ്രകടിപ്പിച്ചിട്ടുള്ളത്. ഇങ്ങനെയുള്ള ഗദ്യങ്ങൾ ഒരുഭാഗത്തിൽ ചിലപ്പോൾ എട്ടോ പത്തോ അതിലധികമോ വരും.

സംസ്കൃതകൃതികളിൽ നിന്നും പല ആശയങ്ങളേയും പദ്യങ്ങളേയും ഭാരതചമ്പുവിൽ ചേർത്തിട്ടുണ്ടെന്നു പറഞ്ഞുവല്ലോ. അവയിൽ ചിലതു താഴെ ചേർക്കുന്നു.

"കഷ്ടം! പാർക്കുന്നതെന്തെന്തവരിലിനിയുമ-
ങ്ങാഭിമോപായമേതും
തട്ടാ; ദുർമ്മന്ത്രശത്രുക്കളിൽ നലമൊടു ന-
ലാമതത്രേ വിധേയം:
മുട്ടപ്പാടേ വിയർപ്പിച്ചൊഴിവതിനുചിതം
തീവ്രമാമജ്വരം, കേൾ
കഷ്ടം! തോയോക്ഷണം കൊണ്ടുപശമയിതുമ-
ദ്ധ്യക്ഷണം പോലുമാമോ?"

എന്ന പദ്യത്തിലെ ആശയം,

"ചതുർത്ഥോപായസാദ്ധ്യേ തു
രിപൌ സാന്ത്വമപക്രിയാ
സ്വേദ്യമാമജ്വരം പ്രാജ്ഞഃ
കോംഭസാ പരിഷിഞ്ചതി."

എന്ന മാഘപദ്യാർത്ഥത്തിന്റെ നേർപകർപ്പാകുന്നു.

"അകൃത്രിമപ്രേമരസാഭിരാമം
രാമാർപ്പിതം ദൃഷ്ടിവിലോഭി ദൃഷ്ടം
മനഃപ്രസാദാഞ്ജലിനാ നികാമം
ജഗ്രാഹ പാഥേയമിവേന്ദ്രസൂനുഃ."

എന്ന കിരാതാർജ്ജുനീയത്തിലെ പദ്യത്തെത്തന്നെയാണ്,

'അകൃത്രിമപ്രേമരസാഭിരാമം
രാമാർപ്പിതം ദൃഷ്ടിവിലോഭി ദൃഷ്ടം
ആദായ പാഥേയമിവ പ്രതസ്ഥേ
മാരാരിസേവാർത്ഥമഥേന്ദ്രസൂനുഃ"

എന്ന്, ഉത്തരാർദ്ധം മാത്രം ഭേദപ്പെടുത്തി കിരാതഘട്ടത്തിൽ ചേർത്തിരിക്കുന്നത്. "കർത്താഥവാ കാരയിതാ ന കശ്ചിൽ" എന്ന പദ്യം അല്പംഭേദഗതിയോടുകൂടി രാമായണചമ്പുവിലും കാണുന്നു. ഇതുപോലെ, സംസ്കൃതഭാരതചമ്പു, ബാലഭാരതം മുതലായ പല കൃതികളിലെ ആശയങ്ങളും പദ്യങ്ങൾ തന്നെയും ഭാരതചമ്പുവിൽ കാണാം. ഇങ്ങനെ ചെയ്യുന്നതിൽ പുനംനമ്പൂരിക്ക് ഒരു മടിയുമുണ്ടായിരുന്നില്ല. ചിലപ്പോൾ പൂർവ്വികാശയങ്ങൾക്കു സ്വമനോധർമ്മസമ്പർക്കത്താൽ പാകഭേദം വരുത്തിയിരിക്കും. എന്നാൽ അങ്ങിനെ ചെയ്യണമെന്നു നിർബ്ബന്ധമില്ല. അക്കാലത്തെ സ്ഥിതിക്ക് ഇങ്ങിനെ ചെയ്യുന്നതു ന്യൂനതയായി വിചാരിച്ചിരുന്നില്ലെന്നൂഹിക്കാം.

കൃതിയുടെ ആഭ്യന്തരവിഷയത്തിലേക്കു കടക്കുമ്പോൾ, അതിലെ അർത്ഥാലങ്കാരങ്ങളുടെ വൈശദ്യവും, വൈഭവവുമാണ് ആദ്യം നമ്മുടെ ദൃഷ്ടിയെ ആകർഷിക്കുന്നത്. രാമായണാദിതരകൃതികളെ അപേക്ഷിച്ച് ഇതിലെ അലങ്കാരങ്ങൾ സൌലഭ്യസൌരഭ്യങ്ങളിൽ താഴ്ന്നിരിക്കുന്നു; എങ്കിലും ഭാരതചമ്പു അലങ്കാരപ്രൌഢത്വം കുറഞ്ഞ കൃതിയല്ല. ഉപമ, ശ്ലേഷം, രൂപകം, സ്മൃതി, ഉൽപ്രേക്ഷ മുതലായ അലങ്കാരങ്ങളെ ഹൃദയംഗമത്വത്തോടെ എവിടേയും ഉപയോഗിച്ചിട്ടുണ്ട്. മനോധർമ്മത്തിന്റെ വൈഭവത്തെ കാണിക്കുന്ന ഉപമകൾ പലതുമുണ്ട്. ചിലപ്പോൾ പുനംനമ്പൂരി ഉപയോഗിക്കുന്ന ഉപമകളുടെ ശക്തിയും പുഷ്ടിയും സാരസ്യവും നോക്കുന്നതായാൽ, ചിറ തട്ടിത്തകർത്തു തള്ളിയൊഴുകുന്ന ചില ചോലകളെക്കുറിച്ചുള്ള ഓർമ്മയാണ് നമുക്കുണ്ടാകുന്നത്. "കരാളതകോലിന കാലമഹാനലവിത്തു കണക്കെ, മുപ്പുരമെഴകിലെരിപ്പതിനുതകും പുരഹരമൂന്നാം തിരുമിഴിതന്നിൽനിന്നുളവാം പാവകമേ വപ്പൊരുതൽ കണക്കെ, പെരുവഴി നൽകാഞ്ഞിളകിന കോപം ൽവാരിധിതന്നോടു വീരശിഖാമണി രഘുകുലപെരുമാളഭിമന്ത്രിച്ചോരു ദഹനാസ്ത്രത്തിൻ മുനനിഴൽ പോലെ" എന്നു പാണ്ഡവദാഹാവസര

ത്തിൽ പ്രവൃദ്ധമായ അഗ്നിസ്ഫുലിംഗനികരത്തെ വർണ്ണിച്ചിരിക്കുന്നതു തന്നെ മേൽപ്പറഞ്ഞതിനു ദൃഷ്ടാന്തമാകുന്നു. കാലാഗ്നിയുടെ ബീജങ്ങളോടും ശിവന്റെ ഫാലനേത്രാഗ്നിയുടെ സന്താനങ്ങളോടും ഉപമിച്ചിട്ടും, അലംഭാവം വരാതെ ശ്രീരാമന്റെ ദഹനാസ്ത്രത്തിന്റെ നിഴലിനോടുകൂടി ഉപമിച്ചിരിക്കുന്നതു നോക്കുക. ഇന്ദ്രപ്രസ്ഥത്തിലെ ഗജങ്ങളെക്കുറിച്ചു കവി,

"ജംഗമപർവ്വതപാളി കണക്കേ,
ഭുവനഗണത്തിൻ വപ്പു കണക്കേ,
ഭീഷണതയ്ക്കൊരു കാതൽ കണക്കേ
ഗോപുരപടലി നടന്ന കണക്കേ"

ഇപ്രകാരമൊക്കെയാണ് ഉൽപ്രേക്ഷിക്കുന്നത്. കൈലാസപർവ്വതത്തെ വർണ്ണിക്കുന്ന ഗദ്യത്തിന്റെ ആദ്യഭാഗങ്ങൾ കവിയുടെ ഉപമാദ്യലങ്കാരപ്രൌഢിയെ അധികം പ്രദ്യോതിപ്പിക്കുന്നുണ്ട്. സ്മൃതിഭ്രാന്ത്യുൽപ്രേക്ഷാദ്യലങ്കാരങ്ങളെ നമ്മുടെ കവി ഉപയോഗിക്കുന്നതിന് ഒരു ഭംഗിയും സാരസ്യവും വേറെയാണ്.

"എന്നേ! സരസ്സാനില്ലോടാതേ
ജലചരപതഗകൂജിതം കേട്ടിഹ
വന്നതിലൊട്ടു തരംകെട്ടോ നീ?
ഭോഷാ, നീ ചില പങ്കജമൊട്ടുകൾ
കൊങ്കയിതെന്നു പുണർന്നീലല്ലീ?
വികസിതകമലം കണ്ടു നതാംഗ്യാ
മുഖമെന്നോർത്തു മുകർന്നീലല്ലീ?
വിദ്രുമ നടിച്ചതു പോരും ഭോഷാ!
ചാരുമുഴങ്കയ്യില്ലാത്തവനോ
ഭാഷിക്കുന്നതൊരംഗുലിഹീനം?
നീയല്ലേ, ചില ശൈവാലാവലി
കബരീഭ്രാന്ത്യാ ചിക്കിയുലർത്തിവിചക്ഷണനായ മലരൊക്കെയണിഞ്ഞത്?
നീയല്ലേ, ചില കുവലയമലരെ-
ക്കരുൾനിരയെന്നു നിനച്ചതു ജാള്യാൽ?"

എന്നിങ്ങനെ "ജലതപിന്നത്തു പറഞ്ഞു ചിരിച്ചുപുലമ്പുന്നവ"രുടെ ഘോഷത്തെ ഇന്ദ്രപ്രസ്ഥത്തിൽ കവി വർണ്ണിച്ചിരിക്കുന്നു. സ്ത്രീകളുടെ മുഖാദ്യവയവങ്ങളെ പങ്കജാദികളോടു ഘടിപ്പിച്ച് ഉൽപ്രേക്ഷാദ്യലങ്കാരങ്ങളെ പലരും പ്രയോഗിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം അവയെ ഉപയോഗിക്കുന്നതിനു നമ്മുടെ സാഹസരം ആക്ഷേപകുശലനും ആയ കവികൾക്കു കഴിഞ്ഞിട്ടുള്ളൂ. ഇങ്ങനെയാണ് നമ്മുടെ കവി ആശയങ്ങളെ നവീകരിക്കുന്നത്. അർജ്ജുനന്റെ ശരങ്ങൾ കുസുമങ്ങളായിപ്പോട്ടെ എന്നു പാർവ്വതി ശപിച്ചതിനെ "സ്ത്രീണാം, കാന്തക്കു പൂവമ്പുടനുടനുടനേൽക്കുന്നതാനന്ദമല്ലോ" എന്നു സമർത്ഥിക്കുന്നതു കവിയുടെ ഫലിതചാതുര്യത്തെ കാണിക്കുന്നു. ശ്ലേഷരൂപകങ്ങൾക്ക് ഓരോ ഉദാഹരണം താഴേ ചേർക്കുന്നു.

"യാകാചന സ്ത്രീതി മഹത്ത്വഹീനാം
നീ കല്പിയായ്ക്കൊന്നിഹ തീർത്തു ചൊല്ലാം
ഏകം മദീയോരുനിപീഡമോർത്താ-
ലേകാന്തരംഭാനുഭവപ്രദായി." (ശ്ലേഷം)

"അഭ്യാമർദ്ദാംബരേ സംഭൃതരവവികട-
ജ്യാതടിദ്ദാമമുച്ചൈ-
രെപ്പോഴും മേല്ക്കുമേലുക്ഷിതവിശിഖമഹാ-
സാരരുദ്ധാഖിലാശം
ദൃപ്യന്നാനാസ്ത്രചിത്രാശനിനിപതനവി-
ത്രാസദം വർത്തതേ കി-
ന്നാപസ്ഥിൻ കാലേ പ്രശാന്തം കഥചന പരിണതം
ഗാണ്ഡീവിം കാളമേഘം." (രൂപകം)

ഒന്നാമത്തെ പദ്യം ഭീമൻ കീചകനോടു പറയുന്നതാകുന്നു. 'എന്നെ സാധാരണ ഒരു സ്ത്രീയുടെ കൂട്ടത്തിൽ ഗണിക്കരുത്. എന്റെ സംയോഗം നിനക്കു രംഭാസംഭോഗസൌഖ്യത്തെ ജനിപ്പിക്കുന്നതാണ്' എ

ന്ന പ്രകൃതാൎത്ഥത്തോടുകൂടി, 'അസാധാരണതപം ഉള്ള ഞാൻ നിൻെറ കാലനാകുന്നു' എന്ന അൎത്ഥം കൂടി ജനിപ്പിക്കുന്നു. ഇതു ശ്ലേഷവിശേഷത്താലാണ്. രണ്ടാം പദ്യത്തിൽ, അൎജ്ജുനൻെറ ഗാണ്ഡിവത്തെ കാളമേഘമാക്കി കവി കാണിച്ചിരിക്കുന്ന വൈദഗ്ദ്ധ്യമാണ് വിസ്മയിപ്പിക്കുന്നത്. ശ്ലേഷപ്രയോഗത്താൽ,

"ധൎമ്മാപത്യേ ധരിത്രീഭരണനിപുണവൃ-
ത്തൌ തുലോം വഹ്നിശുദ്ധി-
ഹേമ്നി ജ്യേഷ്ഠാധിരോഹച്ഛശിനി ഗ്രഹവിനാ-
ശേക്ഷണം ഭൂതകേല്യാം
ഔന്മുഖ്യം ദൎപ്പണേ നിഷ്ഫലവിലപനമാ-
രാമക്ഷ്വേ ഭുജംഗേ
വന്മീകേ ബന്ധയോഗഃ പരിണതവയസി
ക്ഷോണിചക്രേ സമാസീൽ."

വൈക്കം.

എന്നിങ്ങനെ പല വൈഭവങ്ങളും പ്രകടിപ്പിക്കുന്നതിനു കവി അസമൎത്ഥനല്ല. അതിനാൽ ഭാരതചമ്പുവിൻെറ ആഭ്യന്തരഗുണഗണനയിൽ അലങ്കാരപ്രയോഗം പ്രധാന്യത്തെ അൎഹിക്കുന്നു. ശബ്ദാലങ്കാരങ്ങളിൽ ദ്വിതീയാക്ഷരപ്രാസം സാൎവ്വത്രികമായി ഉപയോഗിച്ചിട്ടുണ്ട്. പ്രാസം ഉപയോഗിക്കാൻ പാടില്ലെന്ന്, അക്കാലത്ത് ആരും നിൎബ്ബന്ധമായി പറയാത്തതിനാൽ, ദ്വിപ്രാസം ഐകരൂപ്യത്തോടും നിഷ്കൎഷത്തോടും കൂടി ഈ കൃതിയിൽ കാണുന്നില്ല! വൃത്ത്യനുപ്രാസം, യമകം മുതലായ ഇതരശബ്ദാലങ്കാരങ്ങളും ഭാരതചമ്പുവിൽ ഉപയോഗിക്കപ്പെട്ടിട്ടുണ്ട്.

—വടക്കുംകൂർ രാജരാജവൎമ്മരാജാ.

## വെമ്പനാട്ടുകായൽ.

ശ്രീയഞ്ചിടും ജലമിണങ്ങിയ "വെമ്പനാട്ടു-
കായൽ" പ്രമാണി, ഝഷരത്നഗണങ്ങൾ ചാൎത്തി,
ശ്രേയസ്കരാപഗകൾ വന്നു വരിച്ചു, ദീൎഘ-
കായത്തൊടും വിലസിടുന്നു പയോധി പോലേ. ൧.

കൂറാൎന്ന "ബിംബിലിനരേശ്വര"ർ തൻ "വടക്കും-
കൂറാ"യ നാട്ടിലരി പശ്ചിമമാൎഗ്ഗമായി
കേറാതെ, കായലിതു കാത്തുവരുന്നു നീർ ചേർ
മാറാത്തതായ് പ്രകൃതി തീൎത്ത കിടങ്ങു പോലേ. ൨.

ഈ മാൎഗ്ഗമായരികടന്നു വരില്ലയെന്നു-
നാമാശ്വസിപ്പതധുനാ ശരിയല്ല തന്നെ;
ക്ഷേമാഭിവൃദ്ധികരകായൽവഴിക്കനേകം
സാമാനമോടരികൾ ചാക്കിലിറങ്ങിടുന്നു. ൩.

നാകത്തിലുള്ള നദി തന്നുടെ നാലു പാടും
ശ്രീകല്പവൃക്ഷനിരപോലിഹ കായൽവക്കിൽ
ആകമ്രഭംഗിയൊടു കേരളകല്പകൌഘ-
മാകല്പമായി വിലസുന്നു വിചിത്രമായി ൪.

വാരാംഗനാമൃദുലപാണികൾ വിട്ടു, വെള്ളം-
കോരാനെടുത്ത കലശങ്ങൾ സരോവരത്തിൽ
നേരായ് ക്കമിഴ്ന്നൊഴുകിടുന്നതു പോലെ, നാളി-
കേരാളി വീണൊഴുകിടുന്നിതു കായൽനീരിൽ. ൫.

വെള്ളത്തിലെക്കളികൾ കൊണ്ടു തളൎച്ച വാനോ-
ൎക്കുള്ളപ്പൊൾ, വിശ്രമമെടുപ്പതിനസ്സരിത്തിൽ
ഉള്ളച്ഛമണ്ഡപതലങ്ങൾ കണക്കു, നേകം
വെള്ളത്തുരുത്തു വിലസുന്നതു വെമ്പനാട്ടിൽ. ൬.

ഹാ! ശുഭ്രമണ്ഡപതലങ്ങളിലുഷ്ണകാല-
മെത്തുമ്പൊൾ, വാനവയുവാക്കൾ രമിച്ചിരിക്കെ
വീശുന്ന പങ്കകൾ കണക്കിഹ മാമരങ്ങ-
ളാശുദ്ധവായുവൊടു കൊമ്പുകളാട്ടിടുന്നു. ൭.

ഈ വർണ്ണ്യമാമസിതനീരണികായലിങ്കൽ–
ദ്ധ്യാവല്ല്യമേറിയ തുരുത്തു, നഭസ്ഥലത്തിൽ
ശ്രീവന്ദ്യനായ് വിലസിടും മുഴുചന്ദ്രമസ്സിൻ
ഭാവത്തിലായൊരു വിമാനചരന്നു കാണാം. ൮.

ശ്രീമഞ്ജുളാഭ കലരും പരിപൂർണ്ണനായ–
സോമങ്കലുള്ളൊരു കളങ്കനിറം കണക്കേ,
ഓമൽത്തുരുത്തിൽ, നിബിഡാസിത വർണ്ണപർണ്ണ–
സ്തോമദ്രുമങ്ങളണികാടുകൾ കണ്ടിടുന്നു. ൯.

കോലുന്ന വേഗമൊടു കോമളമായ നീണ്ട–
വാലുള്ള താരനിര വാനതിലെന്നപോലെ,
മേലുൽഗമിച്ചു മറിമത്സ്യമെടുത്തു ചാടി–
ച്ചേലുററ കായലിൽ മറിഞ്ഞു മറഞ്ഞിടുന്നു. ൧൦.

മീനദ്ധ്വജന്റെയടയാളവിശേഷമായ–
മീനങ്ങൾ, മങ്കകൾമുഖേന്ദുവിലാസവാപ്യിൽ
ആനന്ദരമ്യതരളാക്ഷികളെന്നപോലെ
താനത്ര കായലമൃതിൽക്കളിയാടിടുന്നു. ൧൧.

കൂലത്തിലത്ര കുടിപാർത്തു വരുന്ന മുഗ്ദ്ധ–
"വാല"പ്രിയാംഗനകൾതൻ മിഴിമീൻ വിലാസം
കോലത്തിൽമീതെയു,മടിക്കു നിസർഗ്ഗമത്സ്യ–
ജാലപ്രഭാങ്കുരവുമൊത്തണിയുന്നു കായൽ. ൧൨.

മല്ലാടി മത്സ്യതതി കണ്ണുകളെ ജ്ജയിച്ചോ–
രുല്ലാഘവത്തെ മനതാരിൽ നിനച്ചുയാലോ,
നല്ലാർജനങ്ങളിവർ നല്ലൊളിമീൻഗണത്തെ–
ക്കൊല്ലാൻ നിയോഗമരുളുന്നു വരക്കു നിത്യം! ൧൩.

കൊന്നാണു കാന്തരിഹ കൊണ്ടു വരുന്നതെന്നു–
മെന്നാലു, മംഗനകൾ മത്സരിമത്സ്യകത്തെ
നന്നായരുത്തു കഷണിച്ചു പചിച്ചു തിന്നു;–
മിന്നാരികൾക്കെഴുമസൂയയസാരമല്ലേ! ൧൪.

തീരസ്ഥലത്തു പല വാലനതാംഗിമാർതൻ
സ്വാരസ്യമാർന്ന മൃദുപാട്ടുകൾ പോലി,തിങ്കൽ
ആരമ്യശാന്തസമയത്തു, തരംഗപോത–
വാരത്തിൽനിന്നുയരുമേ മധുരസ്വരങ്ങൾ. ൧൫.

ഭൂരിപ്രശാന്തസമയത്തു തരംഗബാല–
ന്മാരിച്ഛപോലിഹ തടാക തടാന്തരത്തിൽ,
നേരിട്ടു തമ്മിലിടചേർന്നു മറിഞ്ഞു ചിത്ത–
ഹാരിത്വമോടു വിഹരിപ്പൊരു കാഴ്ച കാണാം. ൧൬.

ചാരുപ്രസന്ന സമയങ്ങളിലത്ഭുതശ്രീ–
ചേരുന്നതായ മണിദർപ്പണമെന്നപോലെ,
വാരുററവാനിനുടെ നൽപ്രതിബിംബ,മച്ഛ–
നീരുള്ള കായലിളകാതിഹ കാട്ടിടുന്നു. ൧൭.

വള്ളത്തിൽ വാലർ വലയോടു കരേറിടുമ്പോ–
ളുള്ളത്തിലാപ്രിയകളുററ വിയോഗതാപാൽ,
വെള്ളപ്പളുങ്കുമണിമാല കണക്കു, ബാഷ്പ–
വെള്ളക്കണങ്ങളണിയുന്നു മുലത്തടത്തിൽ. ൧൮.

വീശാനഴിച്ച വല കയ്യിലെടുത്തു വാല–
രാ,ശാബമാൻമിഴികൾനോട്ടവലക്കുരുക്കിൽ
ക്ലേശാന്വിതം ബത! കുടുങ്ങിയശക്തരാകു–
മാശാനുകൂലമഥ യാത്രയുരച്ചുകൊൾവാൻ. ൧൯.

ഭൂഗർഭകമ്പമുളവായിടവേ മഹാദ്രി–
ഭാഗങ്ങളൊട്ടിളകിടുന്നതു പോലെ,യപ്പോൾ
വേഗത്തിലുൾത്തടവികാരമുയർന്നു, വാല–
സ്ത്രീഗന്ധമാദനകുചങ്ങൾ കുലുങ്ങിടുന്നു. ൨൦.

വാലൻ മുറയ്ക്കു വലയിട്ടു പിടിച്ച മത്സ്യ–
ജാലത്തെ,യാത്മദയിതാ നയനഭ്രമത്താൽ
മാലററു ചുംബനമണയ്ക്കുകയോ, പ്രഭാത–
കാലപ്രിയാവിരഹതപ്തവിഷണ്ണചിത്തൻ! ൨൧.

അശിച്ചപോൽ വരർ വരാതെ,യിരുട്ടു വാനിൽ
പൂശിപ്പിടിയ്ക്കെ,യഭിസാരികമാർ കണക്കേ,
വാശിക്കു വാലയുവമങ്കകൾ വഞ്ചിയേറി
ക്ലേശിച്ചു പോകുമവരെത്തിരവാൻ ക്ഷണത്തിൽ. ൨൨.

സന്ധിക്കു കായലൊടുരച്ചു, വരാഗമം സം–
ബന്ധിച്ചു നേർച്ചകൾ കഴിച്ചഥ, വഞ്ചിയേറി,
ബന്ധിച്ചു കേശ,മരമുണ്ടു മുറുക്കി, മത്സ്യ–
ഗന്ധിസ്വരൂപിണികൾ നൈമ്പുകളേന്തിടുന്നു. ൨൩.

നല്ലോമനപ്പുരികമോടു പിണങ്ങിടുന്ന–
കല്ലോലമാലകളെയിക്കമനീജനങ്ങൾ
പുല്ലോടു നേർനിലയിലൊത്തണിതണ്ടുയർത്തി–
ത്തല്ല്യോടു തല്ലുകൾ കൊടുത്തു തകർത്തിടുന്നു. ൨൪.

ആരാഞ്ഞുപോയ നിജവല്ലഭരെസ്സമീക്ഷി–
ച്ചാരാലണഞ്ഞു മധുരാലപനങ്ങളാലേ
മാരാഭിഷേകവിധി ചെയ്തു, തടാകമദ്ധ്യ–
മാരാമമാക്കുമിഹ ദാശവധൂജനങ്ങൾ. ൨൫.

(തുടരും)

—എം. ആർ. കൃഷ്ണവാര്യർ.

മുവ്വാററുപുഴ.

## മനുഷ്യശരീരത്തിൽ നടക്കുന്ന സമരം.

(തുടർച്ച)

ആത്മരക്ഷയ്ക്കായി നമുക്ക് ഓരോരുത്തർക്കും ഓരോ സൈന്യം ഉണ്ട്; ഈ സൈന്യം നമ്മുടെ ശരീരാംശം തന്നെ. ഇത് ഒരു മാതൃകാസൈന്യവും എല്ലാവിധത്തിലും പരിപൂർണ്ണമായിട്ടുള്ളതും ആകുന്നു. ഇതു നമ്മുടെ രക്ഷയ്ക്കു വേണ്ടിമാത്രമേ യുദ്ധം ചെയ്കയുള്ളു; ശരീരത്തെ വിട്ടു പുറമേ പോയി മററു ജീവികളെ അത് ആക്രമിക്കുന്നില്ല; അതു സ്വരാജ്യം വിട്ട് ഒരിക്കലും പുറമേ പോകയില്ല. ഈ ഭടന്മാർ എല്ലാ സമയത്തും യുദ്ധത്തിനു തെയ്യാറായിരിക്കുന്നു; സമാധാനകാലങ്ങളിൽ പോലും അവർ രാവും പകലും യുദ്ധസാമഗ്രികൾ തെയ്യാറാക്കി കാത്തിരിക്കുന്നു. ഇവർ നമ്മുടെ രക്തത്തിൽ വസിക്കയും, എല്ലായ്പോഴും ആപാദചൂഡം മുക്കിലും മൂലയിലും കൂടി സഞ്ചരിച്ചു ശത്രുസൈന്യങ്ങൾ വന്നിട്ടുണ്ടോ എന്നന്വേഷിച്ചുകൊണ്ടു നടക്കുകയും ചെയ്യുന്നു.

രക്തം നമ്മുടെ ശരീരത്തിൽ, അനൈശ്വര്യമായ ഒന്നുരണ്ടിടത്തൊഴികെ, സർവ്വത്ര സഞ്ചരിക്കുന്നുണ്ടല്ലോ. കണ്ണുകളുടെ മുൻവശത്തുള്ള സ്ഫടികതുല്യമായ സ്ഥലത്തിൽ രക്തം വരുന്നില്ല; വരുന്നതായാൽ കാഴ്ചയെ മറച്ചുകളയുന്നതാണ്. എന്നാൽ ഇങ്ങിനെ രക്തസഞ്ചാരത്തിനു നൈരാശ്യമുള്ള സ്ഥലങ്ങളിൽ പോലും, രക്തത്തിൽനിന്നുള്ള ചില വിലപിടിച്ച സാധനങ്ങൾ—അതായത്, ആഹാരാംശം, വായു, രക്ഷാസൈന്യം, മുതലായവ— കടന്നു ചെല്ലുന്നുണ്ട്: ഇവ കടന്നു ചെന്നിട്ടില്ലെങ്കിൽ നമുക്കാർക്കും ഒന്നുരണ്ടു ദിവസത്തിൽ പരം ജീവിച്ചിരിക്കാൻ സാധിക്കയില്ല.

രക്തസഞ്ചാരമില്ലാത്ത ഭാഗങ്ങളിൽ തങ്ങൾക്ക് എന്തെങ്കിലും പണിയുള്ളതായിക്കണ്ടാൽ ഈ സൈന്യം രക്തനാഡികളുടെ ഭിത്തിയിൽ കൂടെ ചാടിക്കടന്നു പോകുന്നു. ഇങ്ങിനെ ചാടിക്കടക്കുന്നതിനുള്ള ശക്തിയും അധികാരവും അവർക്കുണ്ട്. ഒരു ഭൂതക്കണ്ണാടിയിൽ കൂടെ നോക്കുന്നതായാൽ, രക്തത്തിൽ വസിക്കുന്ന ഈ വെളുത്ത ഭടന്മാർ തലനാരിഴപോലുള്ള സൂക്ഷ്മനാഡികളുടെ ഭിത്തി ചാടിക്കടന്ന് അവയ്ക്കു പുറമേയുള്ള ഭാഗങ്ങളിൽ ശത്രുക്കൾ വന്നുചേർന്നിട്ടുണ്ടോ എന്നു പരിശോധിക്കയും, ശത്രുനിരോധം ചെയ്കയും ചെയ്യുന്ന അത്ഭുതകാഴ്ച കാണാവുന്നതാണ്. നമ്മുടെ രക്തത്തിൽ വസിക്കുന്ന ഈ സൈന്യത്തെപ്പോലെ ധീരന്മാരായ യോദ്ധാക്കളെ മറെറങ്ങും കാണുകയില്ല; വേണ്ടിവന്നാൽ ഇവരിൽ അനേകലക്ഷം ഭടന്മാർ ഒന്നായി മരിക്കാൻ ഒരുങ്ങി പുറപ്പെടുന്നു. ഒരു കുരുവിൽ നിന്നു പുറത്തു വരുന്ന 'ചലം' പരിശോധിച്ചാൽ ശത്രുസൈന്യവുമായുണ്ടായ യുദ്ധത്തിൽ അവനവന്റെ ഓഹരി ചെയ്തുതീർത്തശേഷം മരിച്ചിട്ടുള്ള അനേകലക്ഷം ഭടന്മാരുടെ ശവശരീരം കാണാം.

ഇങ്ങിനെ നമ്മുടെ ശരീരത്തെ രാ

പ്പുകൽ കാക്കുന്ന ഭടന്മാർ നമ്മുടെ രക്തത്തിലുള്ള വെളുത്ത അണുക്കൾ (കലകൾ) ആണെന്നു റഷ്യാക്കാരനായ ഇലെ മെച്ച് നിക്കോഫ് എന്ന ജൂതൻ കണ്ടുപിടിച്ചു. ഇദ്ദേഹം ആദ്യമായി ഒരു ചെറുപുഴുവിനെ പരിശോധിച്ചപ്പോൾ, അതു കുടിച്ചിരുന്ന വെള്ളം വഴിയായി ഉള്ളിൽ കടന്നുവന്നിരുന്ന മലിനസാധനങ്ങളെ, അതിന്റെ രക്തത്തിലെ ശുക്ലകലകൾ തിരഞ്ഞുപിടിച്ചു നശിപ്പിച്ചതായിക്കണ്ടു. മനുഷ്യശരീരത്തിൽ കടന്നുവരുന്ന വിഷകൃമികളെ ഇപ്രകാരംതന്നെ രക്തത്തിലെ ശുക്ലകലകൾ തിരഞ്ഞുപിടിച്ചു നശിപ്പിക്കുന്നതായി അദ്ദേഹം കണ്ടുപിടിച്ചു. ശത്രുക്കളെ തിന്നു നശിപ്പിക്കുന്ന എന്നർത്ഥമാകുന്ന ഫാഗോസൈററീസ് എന്ന നാമധേയം അദ്ദേഹം ഇവയ്ക്കു കൊടുത്തു. ഫാഗോസൈററീസ് എന്ന ഭടന്മാരുടെ സഹായം കൂടാതെ ആക്കും വലിയ നഗരങ്ങളിൽ, വിശേഷിച്ചു മഴക്കാലത്ത്, ഒന്നുരണ്ടുദിവസത്തിലധികം ജീവിച്ചിരിപ്പാൻ സാധിക്കയില്ല. വലിയ നഗരങ്ങളിലെ മലിനവായു ശ്വസിക്കുന്ന ഒരാളിന്റെ കണ്ണുനാളം പരിശോധിക്കുന്നതായാൽ, അതിന്റെ പിൻപുറത്തുനിന്നും അനേകശതം ഫാഗോസൈററീസിനെ എടുക്കാം; ഇവയെ പരിശോധിച്ചാൽ നമ്മുടെ രക്ഷയ്ക്കു വേണ്ടി, നാം ശ്വസിച്ചിറക്കിയ വായുവിലുള്ള മാലിന്യങ്ങളൊക്കെയും ഈ ഭടന്മാർ ചെറുക്കി എടുത്തിരിക്കുന്നതായിക്കാണാം. ഈ മാലിന്യങ്ങളുടെ വിഷം നിമിത്തം അവ മരിക്കയും, ഇങ്ങിനെ തങ്ങളുടെ ജീവനെ മാതൃഭൂമിക്കു വേണ്ടി ബലികഴിക്കയും ചെയ്തിരിക്കുന്നു.

നമ്മുടെ ഓരോ തുള്ളി രക്തത്തിലും ഒരു മൊട്ടുസൂചിയുടെ തലയോളം വലുപ്പമുള്ള നാലയ്യായിരം വെളുത്ത കലകൾ ഉണ്ട്. ഈ കലകൾ നമ്മുടെ ഇടത്തുഭാഗത്തുള്ള വാരിയെല്ലിൻചുവട്ടിൽ ഉള്ള പ്ലീഹ എന്നു പറയുന്ന വലിയ കലോച്ചയത്തിൽനിന്നും, കൈക്കുഴി കഴുത്തു മുതലായവയിൽ ഉള്ള കലോച്ചയങ്ങളിൽ നിന്നുമാണു ജനിക്കുന്നത്. ആമാശയത്തിനുള്ളിലും ഇവയെ ഉത്ഭവിപ്പിക്കുന്ന ചില കലോച്ചയങ്ങൾ ഉണ്ട്. ബാല്യത്തിലാണ്, നമുക്ക് ഈ കലകൾ അത്യധികം വേണ്ടിവരുന്നത് അപ്പോൾ കഴുത്തിൻചുവട്ടിൽ ഉള്ള തൈമസ് എന്ന കലോച്ചയത്തിൽ നിന്നും ഇവ ഉത്ഭവിക്കുന്നു. ഈ കലോച്ചയം അനന്തരകാലത്തിൽ ചുരുണ്ടുകൂടിപ്പോകുന്നു.

ശരീരത്തിൽ ശത്രുബാധ ഉണ്ടാകുന്ന കാലങ്ങളിൽ ഫാഗോസൈററീസ് എന്ന ശുക്ലകലകളുടെ സംഖ്യ വർദ്ധിക്കുന്നു. നീക്കെട്ട് എന്ന രോഗബാധ ഉണ്ടാകുമ്പോൾ ഇവ അഞ്ചിരട്ടി വർദ്ധിക്കുന്നതായി കണ്ടിരിക്കുന്നു. രോഗകാലങ്ങളിൽ ഈ കലകൾ പെരുകിയിട്ടില്ലെങ്കിൽ ജീവാപായം നേരിടുന്നതാണ്. ഒരു രാജ്യത്തെ അപ്രതീക്ഷിതമായി ശത്രുസൈന്യം ആക്രമിക്കുമ്പോൾ, ആ രാജ്യവാസികൾ ഭയംകൊണ്ടു സ്തബ്ധരായി ശത്രുക്കളെ എതിർക്കാൻ മതിയാകുന്ന സൈന്യത്തെ ശേഖരിപ്പാൻ പ്രാപ്തരാകാതിരിക്കയും, ശത്രുക്കൾ അനായാസേന രാജ്യം പിടിച്ചടക്കുകയും ചെയ്യുന്നു. അതുപോലെ പെട്ടെന്നുണ്ടാകുന്ന വിഷരോഗബാധയിൽ രക്തത്തിലെ ശുക്ലകലകളാകുന്ന ഭടന്മാരുടെ സംഖ്യ വ

ർദ്ധിപ്പിക്കാതിരിക്കുന്ന പക്ഷം രോഗികളുടെ ജീവൻ ശത്രുക്കൾക്കധീനമാകും.

പതിനഞ്ചു കൊല്ലം മുമ്പ് എഡിൻബറോവിലുള്ള കുട്ടികളുടെ ആസ്പത്രിയിൽ ഒരു രോഗിയായ ബാലൻ ചെന്നുചേൎന്നു. ഈ കുട്ടിക്ക് ഒരു കാലിൻെറ തുടയിൽ കഠിനമായ ഒരു വേദനയുണ്ടായിരുന്നു. വളരെ നാൾ പല ചികിത്സകളും നടത്തിയിട്ടും വേദന മാറുകയോ, വേദനയുടെ കാരണം കണ്ടുപിടിക്കാൻ സാധിക്കുകയോ ചെയ്തില്ല. ആസ്പത്രിയിൽ എത്തിച്ചേൎന്നാറെ കുട്ടിയുടെ കാതിൽനിന്നും ഒരു തുള്ളി രക്തം കുത്തിയെടുത്തു പരിശോധിച്ചപ്പോൾ, ആ രക്തത്തിൽ അരോഗസ്ഥിതിയിൽ കാണുന്നതിൽ വളരെ കൂടുതൽ ശുക്ലകലകൾ കണ്ടു. ഇതു കണ്ടപ്പോൾ കുട്ടിയെ വിഷകൃമികൾ ബാധിച്ചിരിക്കണമെന്നും അവയെ നിരോധിക്കാൻ വേണ്ടിയാണ് ശുക്ലകലകൾ ഇങ്ങിനെ വൎദ്ധിച്ചിരിക്കുന്നതെന്നും മനസ്സിലായി. ശസ്ത്രക്രിയ ചെയ്തു പരിശോധിച്ചപ്പോൾ തുടയെല്ലിനുള്ളിലെ മജ്ജയിൽ ചത്തും ചാവാതെയുമുള്ള വിഷകൃമികളും ശുക്ലകലകളും നിറഞ്ഞിരിക്കുന്നതായി കണ്ടു. ഈ ശസ്ത്രക്രിയ ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ കുട്ടി മരിച്ചുപോകുമായിരുന്നു എന്നു ഡാക്കടർമാർ അഭിപ്രായപ്പെട്ടു.

ഇലൈ മെച്ച് നിക്കോഫ് എന്ന ഭിഷഗ്വരൻ രക്തത്തിലെ ശുക്ലകലകളുടെ മേല്പറഞ്ഞ പ്രവൃത്തി കണ്ടുപിടിച്ച ശേഷം ഡാക്ടർമാർ മരുന്നുപ്രയോഗം കുറയ്ക്കുകയും ചില രോഗങ്ങൾക്കു മരുന്നു തീരെ ഉപയോഗിക്കാതാകയും ചെയ്തിട്ടുണ്ട്. മരുന്നിനു പകരം രക്തത്തിൽ ശുക്ലകലകളെ വൎദ്ധിപ്പിക്കാനും അവയെ ശരീരരക്ഷയ്ക്കായിട്ടുള്ള ആയുധാഭ്യാസം പരിശീലിപ്പിക്കാനും ഉള്ള മാൎഗ്ഗങ്ങൾ അന്വേഷിച്ചു പിടിക്കാൻ ശ്രമിക്കയാണ്.

വിഷജ്വരം ഉണ്ടാക്കുന്ന അണുബീജങ്ങൾ ശരീരത്തെ ആക്രമിച്ചാൽ അവയോടു സമരം ചെയ്യാൻ ശുക്ലകലകളെ അഭ്യസിപ്പിക്കാനും, യുദ്ധസാമഗ്രികൾ ഉണ്ടാക്കിക്കൊടുക്കാനും ഒരു മാൎഗ്ഗം കണ്ടുപിടിച്ചിരിക്കുന്നു. അതായതു: കാലേ കൂട്ടിത്തന്നെ കുറെ ചത്ത വിഷജ്വരബീജങ്ങളെ ശരീരത്തിൽ കടത്തിവിടുകയാണ്. ഈ വിഷബീജങ്ങളുടെ സ്ഥിതി മനസ്സിലാക്കി ജീവനുള്ള വിഷബീജങ്ങൾ ആക്രമിക്കുമ്പോൾ അവയെ നിരോധിക്കാനുള്ള പ്രയോഗങ്ങൾ ശീലിക്കുന്നതിനു ശുക്ലകലകൾക്കു സൌകൎയ്യം ലഭിക്കുന്നു.

നമ്മുടെ ജീവരക്ഷ ചെയ്യുന്ന ഈ വെള്ളക്കാരായ ഭടന്മാരെപ്പററി വേറൊരു കാൎയ്യം പറവാനുള്ളത്, അവർ പ്രതിഫലേച്ഛകൂടാതെ പ്രവൎത്തിക്കുന്നു എന്നുള്ളതാണ്. വേലയ്ക്കു കൂലി മാത്രമല്ല, ഒരൊററ പ്രോത്സാഹനവാക്കുപോലും അവർ ആശിക്കുന്നില്ല. നാം അരോഗസ്ഥിതിയിൽ ഇരിക്കുമ്പോൾ ഈ ഭടന്മാർ അനേകായിരം വീതവും, രോഗബാധിതരാകുമ്പോൾ ലക്ഷോപലക്ഷവും നമുക്കുവേണ്ടി തങ്ങളുടെ ജീവനെ ബലികഴിക്കുന്നു. തങ്ങളെക്കാൾ മഹത്തരമായ ഒരു ജീവിക്കുവേണ്ടി തങ്ങളുടെ ജീവനെ ത്യജിക്കുന്നു. എത്ര പ്രശംസനീയമായ ആത്മത്യാഗശീലം!

കണ്ണൂർ.

—ബി. കല്യാണിഅമ്മ.

# * എളയമ്മ.

## I

“എളയമ്മേ!”

“എന്താണ് കുമാരാ. ഉറങ്ങരുതേ? നേരം വളരെയായി.”

“അതു സാരമില്ല. എനിക്ക് ഇനി അധികം ദിവസത്തെ വാഴ്ചയില്ല. രുഗ്മിണി അവളുടെ അച്ഛന്റെ വീട്ടിലേക്കു പോകട്ടെ. അദ്ദേഹം ഇപ്പോൾ എവിടെയാണെന്ന് എനിക്ക് ഓർമ്മയില്ല.”

“ശ്രീകൃഷ്ണപുരത്താണ്.”

“ഓ ശരി. ശ്രീകൃഷ്ണപുരത്തു തന്നെ. അവളെ അങ്ങോട്ടയച്ചേക്കു. ഒരു രോഗിയുടെ അടുക്കൽ അവളെ താമസിപ്പിക്കുന്നത് ഇനിയൊട്ടും വിഹിതമല്ല. അവൾ പ്രകൃത്യാ ബലഹീനയാണ്.”

“കുട്ടന്റെ അഭിപ്രായം തരക്കേടില്ല! അവൾ നിന്നെ ഈ സ്ഥിതിയിൽ കണ്ടുംകൊണ്ട് എങ്ങിനെയാണ് വിട്ടുപോകുന്നത്?”

“ഡാക്ടർമാർ എന്താണഭിപ്രായപ്പെട്ടതെന്ന് അവൾക്കറിയാമോ?”

“അതെന്തിനാണ്? അവൾക്കു കണ്ണില്ലേ? അന്നൊരു ദിവസം അവളുടെ വീട്ടിലേക്കു പോകേണ്ടുന്ന സംഗതി പ്രസ്താവിച്ചപ്പോൾ അവൾ കരഞ്ഞതിന്ന് ഒരു കയ്യും കണക്കും ഇല്ല.”

ഈ സംഭാഷണത്തിൽ അല്പം ഒരു സത്യനിഗൂഹനം ഉണ്ടായിരുന്നുവെന്ന് ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. രുഗ്മിണിയുമായി നടന്ന സംഭാഷണം വാസ്തവത്തിൽ താഴെ പറയുംപ്രകാരമായിരുന്നു.

എളയമ്മ:— അമ്മു! നിന്റെ അച്ഛന്റെ അടുക്കൽനിന്ന് എന്തോ വിവരം എത്തീട്ടുണ്ട്, ഇല്ലേ? ഞാൻ നിന്റെ മച്ചുനിയനെ ഇവിടെ കണ്ടതായി തോന്നി!

രുഗ്മിണി:— ഉവ്വ്. വരുന്ന വെള്ളിയാഴ്ച എന്റെ ചെറിയ അനുജത്തിയുടെ ചോറൂണടിയന്തരമാണ്. അതുകൊണ്ട് അങ്ങോട്ട്—

എളയമ്മ:— ശരിതന്നെ, അമ്മു. അവൾക്ക് ഒരു കണ്ഠസരം ഉണ്ടാക്കിച്ച് അയച്ചുകൊടുക്കേണ്ടതാണ്. എന്നാൽ നിന്റെ അമ്മയ്ക്കും വളരെ സന്തോഷമാവും.

രുഗ്മി:— അതല്ല. ഞാൻതന്നെ പോസ്സുള്ളയാം എന്നാണ് വിചാരിക്കുന്നത്. എന്റെ കുഞ്ഞനുജത്തിയെ ഞാൻ കണ്ടിട്ടില്ല. കാണേണമെന്നു കലശലായ ആഗ്രഹവും ഉണ്ട്.

എളയമ്മ:— എന്താണമ്മു! നീ പറയുന്നത്? കുമാരനെ തനിയെ വിട്ടേച്ചു പോവുകയോ? ഡാക്ടർ അവന്റെ സ്ഥിതി

---

* ഇതു സർ രവീന്ദ്രനാഥടാഗോറിന്റെ ഒരു ചെറുകഥയുടെ പരിഭാഷയാണ്.

യെപ്പററി പറഞ്ഞതു കേട്ടില്ലേ?

രുഗ്മി:— ഡാക്ടർ പറഞ്ഞതു തൽക്കാലം ഒന്നും ഭയ—

എളയ:— അങ്ങിനെ അദ്ദേഹം പറഞ്ഞുവെങ്കിൽ തന്നെ, അവന്റെ സ്ഥിതി നീ കാണുന്നില്ലേ?

രുഗ്മി:— മൂന്ന് അനുജന്മാൎക്കു ശേഷം ഉണ്ടായതാണ് ഈ അനുജത്തി. അവൾ എല്ലാവരുടെയും ഓമനയാണ്. ചോറൂണടിയന്തരം വളരെ കേമമായിട്ടുണ്ടെന്നാണ് കേട്ടത്. ഞാൻ പോയില്ലെങ്കിൽ അമ്മ വല്ലാതെ പരിഭവിക്കും.

എളയ:— ശരി ശരി! നിന്റെ അമ്മയുടെ അന്തൎഗ്ഗതം എനിക്ക് മനസ്സിലാകുന്നില്ല. എങ്കിലും നീ കുമാരനെ ഈ സ്ഥിതിയിൽ കണ്ടുംകൊണ്ട് ഇവിടെനിന്നു പോയാൽ നിന്റെ അച്ഛൻ ദ്വേഷ്യപ്പെടും എന്നതിന്നു യാതൊരു സംശയവും ഇല്ല.

രുഗ്മി:— പരിഭ്രമിക്കേണ്ടതായി യാതൊന്നും ഇല്ലെന്നും ഞാൻ പോകുന്നതുകൊണ്ടു യാതൊരു തകരാറും വരാനില്ലെന്നും നിങ്ങൾ അച്ഛന്ന് ഒരെഴുത്തയച്ചാൽ മതി.

എളയ:— അതു ശരിയാണ്. നീ പോയാൽ ഇവിടെ വലിയൊരു നഷ്ടമൊന്നും വരാനില്ല. പക്ഷേ നീ ഒന്നു മനസ്സിലാക്കണം. ഞാൻ നിന്റെ അച്ഛന്ന് എഴുതുകയാണെങ്കിൽ എന്റെ മനസ്സിലുള്ളതെല്ലാം തുറന്നുപറയും.

രുഗ്മി:— അങ്ങിനെയാണെങ്കിൽ നിങ്ങൾ എഴുതേണ്ടതില്ല. ഞാൻ അവരോടുതന്നെ ചോദിച്ചു സമ്മതം വാങ്ങിക്കൊള്ളാം. അവൎക്കു തീൎച്ചയായും യാതൊരു വിരോധവും ഉണ്ടായിരിക്കയില്ല.

എളയ:— കുട്ടി! നിന്റെ ഈ ദുസ്സ്വഭാവം ഞാൻ വളരെ കാലമായി സഹിക്കുന്നു. നീ ഇപ്പോൾ പറഞ്ഞപ്രകാരം ചെയ്താൽ ഞാനതു വെറുതെ വിടുകയില്ല. നിന്റെ സ്വഭാവം നിന്റെ അച്ഛന്നും നല്ലവണ്ണം അറിയാം. അതുകൊണ്ട് അദ്ദേഹത്തെ എളുപ്പത്തിൽ വഞ്ചിക്കുവാൻ നിനക്കു സാധിക്കുമെന്നു വിചാരിക്കേണ്ട.

എളയമ്മ അവിടെനിന്നു പോയപ്പോൾ രുഗ്മിണി കലഹംഭാവിച്ച് ഒരു ദിക്കിൽ പോയിക്കിടന്നു. അയൽവക്കത്തുനിന്ന് അവളുടെ ചങ്ങാതി അവിടെ വന്ന് അവളുടെ ശീലം മാറുവാൻ സംഗതിയെന്താണെന്ന് അന്വേഷിച്ചു. അതിന്നുത്തരമായി,

രുഗ്മിണി:— ഇതു കണ്ടില്ലേ? ഇതെന്തൊരു ദ്രോഹമാണ്. എനിക്ക് ഒരൊററ അനുജത്തി മാത്രമേയുള്ളൂ. അവളുടെ ചോറൂണിന്നു പോകുവാൻ ഇവർ എന്നെ അനുവദിക്കില്ലത്രെ!

അയൽ:— അതിലെന്താണ് ഇത്രയെല്ലാം ദ്വേഷ്യപ്പെടാനുള്ളത്? നിന്റെ ഭൎത്താവിന്നു ദീനം ഇത്ര കലശലായിരിക്കെ നീ ഒരിക്കലും പോകാൻ പാടില്ല.

രുഗ്മി:— ഞാൻ അവൎക്കു വേണ്ടി യാതൊന്നും ചെയ്യാറില്ല. എന്നെക്കൊണ്ട് ഒന്നും ചെയ്യാനും വയ്യാ. ഈ വീട്ടിൽ എനിക്കു യാതൊരു സുഖവും ഇല്ല. വാസ്തവം പറകയാണെങ്കിൽ എനിക്ക് ഇതു സഹിക്കുവാൻ സാധിക്കില്ല.

അയൽ:— നീ ഒരു വല്ലാത്ത പെണ്ണു തന്നെ.

രുഗ്മി:— അതെന്താണ്? എനിക്ക് നിങ്ങളെപ്പോലെ കളവു നടിച്ച് അന്യന്മാരെ സന്തോഷിപ്പിക്കുവാൻ സാധിക്കില്ല.

അയൽ:— ശരി! എന്നാൽ നിൻെറ ഉദ്ദേശമെന്താണ്, കേൾക്കട്ടെ.

രുഗ്മി:— എനിക്കു വീട്ടിലേയ്ക്കു പോകാതെ കഴികയില്ല. ആരുതന്നെ തടസ്ഥം പറഞ്ഞാലും ഞാൻ പോകാതിരിക്കയില്ല.

അയൽ:— ഛീ ഛീ ഛീ! നീ എന്തൊരു താന്തോന്നിയാണ്?

തൻെറ പിതൃഗൃഹത്തിലേയ്ക്കു പോകുന്നതിനെപ്പററി പറഞ്ഞപ്പോൾ രുഗ്മിണി നിലവിളിച്ചുവെന്നു കുമാരൻ എളയമ്മയുടെ മുഖത്തുനിന്നു മനസ്സിലാക്കി. അവൻ പരിഭ്രമിച്ചു കിടക്കയിൽനിന്നെഴുന്നേററു തലയണമേൽ ചാരിയിരുന്നു. "എളയമ്മേ! ഈ ജനവാതിൽ അല്പം തുറക്കൂ. ആ വിളക്കും എടുത്തുകൊണ്ടു പോകൂ." എന്നു പറഞ്ഞു.

ഒരുപഴയ സന്ന്യാസിനിയെപ്പോലെ ശാന്തയായ നിശീഥിനി ജനലിന്നടുത്ത് നിശ്ചലയായി സ്ഥിതിചെയ്തിരുന്നു. അനേകം യുഗാന്തരങ്ങളായി അസംഖ്യം മരണങ്ങളെ കണ്ടു പരിചയിച്ചിരുന്ന നക്ഷത്രങ്ങൾ ആ മുറിയിലേയ്ക്കു നോക്കിക്കൊണ്ടിരുന്നു. ആ നിബിഡാന്ധകാരത്തിൽ, 'അശ്രുപൂർണ്ണമിഴി' യായ രുഗ്മിണിയുടെ മുഖം പ്രതിഫലിച്ചു കാണുന്നതുപോലെ കുമാരന്നു തോന്നി.

അവൻ വളരെ സ്വസ്ഥമായിരിക്കുന്നതു കണ്ടപ്പോൾ എളയമ്മയ്ക്കു വളരെ ആശ്വാസമായി. അവൻ ഉറങ്ങുകയാണെന്നു തീർച്ചയാക്കി. ഉടനെ തന്നെ അവൻ ഞെട്ടിയുണർന്നാപോലെ ഇപ്രകാരം പറഞ്ഞു:—

എളയമ്മേ! രുഗ്മിണി ഈ വീട്ടിൽ സുഖാവസ്ഥ ഒരിക്കലും അറിയുന്നതല്ലെന്നും അവൾ അന്തസ്സാരമില്ലാത്തവളാണെന്നും മററുമല്ലേ നിങ്ങൾ എല്ലാവരും ആക്ഷേപിച്ചിരുന്നത്? ഇപ്പോൾ കണ്ടില്ലേ?

എളയ:— കുട്ടാ, എൻെറ ധാരണ തെററിപ്പോയി. ആപത്തു വന്നാൽ മാത്രമേ ആളുകളുടെ സ്വഭാവം തിരിച്ചറിയുവാൻ സാധിക്കയുള്ളൂ.

കുമാ:— എളയമ്മേ!

എളയ:— കുട്ടാ! ഉറങ്ങിയതേ?

കുമാ:— എൻെറ മനസ്സിൽ പലെ വിചാരങ്ങളും ഉണ്ട്. കുറച്ചൊന്നു സംസാരിക്കട്ടെ. എളയമ്മ മുഷിയരുതേ!

എള:— അങ്ങിനെയാവട്ടെ.

കുമാ:— ഒരുകാലത്ത്, എനിക്ക് രുഗ്മിണിയെ സന്തോഷിപ്പിക്കുവാൻ സാധിക്കയില്ലെന്നു തോന്നിയിരുന്നു. അപ്പോൾ ഞാൻ എൻെറ കഷ്ടതകളെല്ലാം ക്ഷമയോടുകൂടി സഹിച്ചു. എന്നാൽ നിങ്ങൾ—

എള:—കുട്ടാ! നീ അങ്ങിനെ പറയരുത്. ഞാനും അതെല്ലാം സഹിച്ചു.

കുമാ:— മനുഷ്യരുടെ മനസ്സ് ഒരു മങ്കുട്ടപോലെ എളുപ്പത്തിൽ സ്വാധീനമാക്കുവാൻ സാധിക്കുന്ന ഒരു സാധനമല്ല. രുഗ്മിണിക്കുതന്നെ അവളുടെ മനോഗതി മനസ്സിലായിരുന്നില്ലെന്നാണ് എനിക്കു തോന്നിയിരുന്നത്. ഏതെങ്കിലും ഒരാപത്തു സംഭവിച്ചാൽ—

എളയ:— കുമാര! നീ പറഞ്ഞതു വാസ്തവമാണ്.

കുമാ.— അതുകൊണ്ടു തന്നെയാണു

ഞാൻ അവളുടെ ചാപലതകളെ ഒട്ടും വകവെക്കാതിരുന്നത്.

എളയമ്മ ഗൂഢമായൊന്നു നിശ്വസിച്ചു മൌനം ഭജിച്ചു. കുമാരൻ രാത്രിസമയങ്ങളിൽ ശയനമുറിയിലേക്കു പോകാതെ പുറത്തെ വരാന്തയിൽ മഴത്തുള്ളികൾ സഹിച്ചുംകൊണ്ടിരിക്കുന്നതു അവർ ഒന്നു രണ്ടു പ്രാവശ്യമല്ല കണ്ടിട്ടുള്ളത്. പലപ്പോഴും തലവേദന നിമിത്തം കിടന്നു ബുദ്ധിമുട്ടുമ്പോൾ രുഗ്മിണിയുടെ കരസ്പർശത്താൽ അതിന്നു ഒരു ഉപശാന്തികിട്ടണമെന്ന് അവൻ വൃഥാവിൽ ആഗ്രഹിച്ചിരുന്നതായും അവൾക്ക് അറിവുള്ളതാണ്. എന്നാൽ ആ സന്ദർഭങ്ങളിൽ രുഗ്മിണി നാടകം കാണാൻ പോകാനുള്ള ഒരുക്കമായിരിക്കും! എളയമ്മ അടുത്തുചെന്നു വീശുകയോ മറ്റോ ചെയ്താൽ അവരെ വേഗത്തിൽ വല്ല സംഗതിയും പറഞ്ഞു മടക്കിഅയയ്ക്കും. അവൻ്റെ കഷ്ടത ഇത്രയാണെന്ന് അവൾക്കു മാത്രമേ വിവരമുണ്ടായിരുന്നുള്ളു. "അന്തസ്സാരമില്ലാത്ത ആ പെണ്ണിനെക്കുറിച്ചു മനസ്സു മുഷിപ്പിക്കേണ്ടതില്ലെന്നും അവൾക്കു വല്ല ആവശ്യവും നേരിടുന്നകാലത്ത് അവൾ നേരേ ആകുമെന്നും" കുമാരനെ ധരിപ്പിക്കുവാൻ അവർ പലപ്പോഴും ആഗ്രഹിച്ചിരുന്നു. എങ്കിലും ഇങ്ങിനെയുള്ള അഭിപ്രായപ്രകടനം ദുർദ്ധാരണകൾക്ക് ഇടയാക്കുമെന്നു ഭയപ്പെട്ട് അവർ ഒന്നും തന്നെ പറഞ്ഞില്ല. 'സ്ത്രീദേവത' യ്ക്കായി കുമാരൻ തൻ്റെ ഹൃദയത്തിൽ ഒരാലയം നിർമ്മിച്ച്, അതിൽ രുഗ്മിണിയെ പ്രതിഷ്ഠിച്ചിട്ടുണ്ടായിരുന്ന സ്ഥിതിയ്ക്ക്, ആ ദേവതയുടെ കാരുണ്യാമൃതം അനുഭവിക്കുവാൻ അവന്നുതന്നെ യോഗമില്ലെന്നു വിചാരിക്കുന്നത് അത്യന്തം ദുസ്സഹമായി തോന്നി. അതുകൊണ്ട് ആ ദേവതയുടെ ആരാധന മുറയ്ക്കു നടത്തിപ്പോന്നു. പലേ വഴിപാടുകളും നേർന്നു. ഫലപ്രാപ്തിയെക്കുറിച്ചുള്ള പ്രതീക്ഷയും നിലനിന്നു.

കുമാരൻ ഉറങ്ങുകയാണെന്നായിരുന്നു എളയമ്മ വിചാരിച്ചിരുന്നത്. പെട്ടെന്ന് അവൻ ഇപ്രകാരം ഉറക്കെ പറഞ്ഞു:—

"എനിക്കു രുഗ്മിണിയോടുകൂടി സുഖിച്ചിരിക്കുവാൻ സാദ്ധ്യമല്ലെന്നാണ് നിങ്ങൾ കരുതിയിരുന്നത്. അതുനിമിത്തം നിങ്ങൾ അവളോടു ദ്വേഷ്യം ഭാവിച്ചു. എന്നാൽ എളയമ്മേ! ഞാൻ പറയുന്നതു കേൾക്കണം. 'സുഖം' എന്ന സാധനം ആ കാണുന്ന നക്ഷത്രപങ്ക്തിപോലെയാണ്. അത് അന്തരീക്ഷത്തിലെ അന്ധകാരത്തെ മുഴുവനും മറയ്ക്കുന്നില്ല. ഇടയിൽ അനേകം ഒഴിവുകളുണ്ട്. നാം നമ്മുടെ ജീവദശയിൽ പലേ തെറ്റുകളും ചെയ്യുന്നു. പലേ ദുർദ്ധാരണകൾക്കും ഇടയാകുന്നു. എങ്കിലും ഇവയെല്ലാററിന്നും ഇടയിൽ അനേകം ഒഴിവുകളുണ്ട്. അവയുള്ളിൽ കൂടി സത്യം തെളിഞ്ഞു പ്രകാശിക്കുന്നു ഇന്നു എനിക്ക് എന്തോ ഒരു വലുതായ സന്തോഷം തോന്നുന്നുണ്ട്. എന്തുകൊണ്ടാണെന്ന് എനിക്കറിഞ്ഞുകൂടാ."

എളയമ്മ കുമാരൻ്റെ നെറ്റിമേൽ മന്ദമായി തലോടി. ആ മുറിയിലെ അന്ധകാരം നിമിത്തം അവരുടെ കണ്ണിൽനിന്നു പൊടിഞ്ഞ അശ്രുകണങ്ങളെ കുമാരന്നു കാണ്മാൻ കഴിഞ്ഞില്ല.

"എളയമ്മേ! അവൾക്ക് നന്നേ ചെറുപ്പമല്ലേ? ഞാൻ മരിച്ചാൽ അവൾ എ

ന്തു ചെയ്യും?"

"ചെറുപ്പമോ കുമാരാ! അവൾക്ക് അതിനൊക്കെ പ്രായമായില്ലേ? എന്റെ ഭർത്താവു മരിച്ചപ്പോൾ എനിക്കും വളരെ ചെറുപ്പമായിരുന്നു. അവരുടെ പ്രതിമ എന്റെ ഹൃദയത്തിൽ ഇപ്പോഴും പതിഞ്ഞു കിടപ്പുണ്ട്. അതു ഞാൻ വലിയൊരു നഷ്ടമായിക്കരുതുന്നുണ്ടോ? അതുമാത്രമല്ല. സുഖം അത്ര അത്യാവശ്യമായ ഒരു സാധനമാണോ?"

"എളയമ്മേ! രുഗ്മിണിയുടെ ഹൃദയത്തിന്ന് അല്പം ഒരു വികാസം ഉണ്ടായി വരുമ്പോഴെങ്കിലും എനിക്ക് –"

"ആ കാര്യത്തെപ്പറ്റി നീ വെറുതെ മനസ്സു പുണ്ണാക്കരുതേ! അവളുടെ മനസ്സിന്ന് ഉണർച്ച വന്നിട്ടുണ്ടെന്നുള്ളതു തന്നെ വലിയൊരാശ്വാസമല്ലേ?

"എളയമ്മേ! മണിയെത്രയായി?"

"ഒമ്പതാവാറായി."

"അത്രയേ ആയിട്ടുള്ളൂ! രണ്ടോ മൂന്നോ ആയെന്നല്ലേ ഞാൻ കരുതിയത്? എന്റെ അർദ്ധരാത്രിയുടെ ആരംഭം സന്ധ്യയ്ക്കാണല്ലോ. പിന്നെയെന്തായിരുന്നു ഞാൻ ഉറങ്ങാത്തതിനെപ്പറ്റി നിങ്ങൾ ഇത്രയെല്ലാം തിരക്കിയതു്?"

"ഇന്നലെ തന്നെ നീ വളരെ നേരം സംസാരിച്ച് എത്ര വൈകീട്ടാണുറങ്ങിയത്! അതുകൊണ്ട് ഇന്നു നേരത്തെ ഉറങ്ങണം."

"രുഗ്മിണി ഉറങ്ങിയോ?"

"ഇല്ലില്ല. അവൾ നിനക്കു സൂപ്പുണ്ടാക്കുകയാണു്."

"വാസ്തവമാണോ എളയമ്മേ!"

"അതെ, സത്യം. അവളല്ലേ നിനക്കുവേണ്ടുന്ന സകല സാധനങ്ങളും ഒരുക്കുന്നത്!"

"അവൾക്ക് ഇതൊന്നും വശമില്ലെന്നായിരുന്നു എന്റെ വിചാരം.

"ഈ പ്രവൃത്തികളെല്ലാം പഠിക്കുവാൻ പെൺകിടാങ്ങൾക്കു വളരെ കാലം വേണോ? ആവശ്യമുണ്ടെങ്കിൽ അതെല്ലാം തനിയേ വരും."

"ഇന്നു രാവിലെ എനിക്കു തന്ന സൂപ്പ് വളരെ നന്നായിട്ടുണ്ടായിരുന്നു. അതു നിങ്ങളുണ്ടാക്കിയതാണെന്നായിരുന്നു എന്റെ ധാരണ."

"അല്ലപ്പാ! നിനക്കു വേണ്ടി യാതൊന്നും ചെയ്യാൻ അവൾ എന്നെ സമ്മതിക്കാറില്ല. നിന്റെ വസ്ത്രങ്ങളെല്ലാം നനക്കുന്നതും അവൾ തന്നെയാണ്. നിനക്ക് അല്പംപോലും അഴുക്കു കണ്ടുകൂടെന്ന് അവൾക്കറിയാം. നിന്റെ 'ആപ്പീസ്സുമുറി' എത്ര വെടിപ്പായിട്ടാണ് അവൾ വെച്ചിട്ടുള്ളത് എന്നു നീ തന്നെ ഒന്നു കാണേണ്ടതാണ്. അവളെ ഈ മുറിക്കുള്ളിൽ വരുവാൻ അനുവദിച്ചെങ്കിൽ അവൾ വളരെ ക്ഷീണിച്ചുപോകും. എങ്കിലും അവളുടെ ആഗ്രഹം അങ്ങിനെയാണ്."

"അപ്പോൾ, അവളുടെ ദേഹപ്രകൃതി അത്ര മോശമാണോ?"

"അവളെ അധികമായി ഈ മുറിയിലേക്കു കടക്കുവാൻ അനുവദിക്കരുതെന്നാണ് ഡാക്ടർ പറഞ്ഞത്. അവളുടെ മനസ്സ് അത്ര ലോലമാണ്."

"എളയമ്മേ! നിങ്ങൾ പറഞ്ഞതു വാസ്തവമാണെങ്കിൽ എങ്ങിനെയാണ് അവളെ ഈ മുറിയിൽ കടക്കാതിരിക്കാൻ സമ്മതിപ്പിക്കുന്നത്."

"അവൾക്ക് എന്നോ അത്ര അനുസരണമാണ്. എങ്കിലും ഞാൻ എപ്പോഴും അവളോടു നിന്റെ വിവരം പറയാറുണ്ട്."

ആകാശത്തിൽ, അശ്രുകണങ്ങൾ പോലെ, നക്ഷത്രങ്ങൾ മിന്നിക്കൊണ്ടിരുന്നു. തന്റെ ശരീരത്തെ അചിരേണ വിട്ടൊഴിച്ചു പോകുവാൻ ഭാവിക്കുന്ന പ്രാണനോടുള്ള കൃതജ്ഞതയെ പ്രകാശിപ്പിക്കുവാനോ എന്നു തോന്നുമാറു കുമാരൻ തല താഴ്ത്തിയിരുന്നു. അന്ധകാരത്തിൽ കൂടി മരണദേവത അതിന്റെ വലംകൈ അവന്റെ നേരെ നീട്ടി. അവൻ അതിനെ പൂർണ്ണവിശ്വാസത്തോടുകൂടി സ്വീകരിച്ചു.

കുമാരൻ അല്പം ക്ഷമാകേടോടുകൂടി കനു നിശ്വസിച്ച് ഇപ്രകാരം പറഞ്ഞു:—

"എളയമ്മേ! രുക്മിണി ഉറങ്ങിട്ടില്ലെങ്കിൽ എനിക്ക് അവളെ ഒന്നു കാണേണമെന്നുണ്ട്."

"അങ്ങിനെയാവട്ടെ. ഞാൻ പോയി വിളിച്ചുകൊണ്ടു വരാം."

"ഞാൻ അവളെ വളരെ നേരം താമസിപ്പിക്കുകയില്ല. അഞ്ചു മിനിട്ടിന്നുള്ളിൽ വിട്ടയച്ചുകളയാം. അവളോട് എനിക്ക് ഒരു കാര്യം പറയാനുണ്ട്."

എളയമ്മ നിശ്വസിച്ചുകൊണ്ടു രുക്മിണിയെ വിളിക്കുവാൻപോയി. അപ്പോഴെല്ലാം കുമാരന്റെ ഹൃദയം അസാധാരണയായി സ്പന്ദിച്ചുതുടങ്ങി. രുക്മിണിയോടു മനഃപൂർവ്വമായി സംഭാഷണം ചെയ്യുവാൻ അവന്ന് ഇതുവരെയും സാധിച്ചിട്ടില്ലെന്നു നല്ല ബോദ്ധ്യമുണ്ടായിരുന്നു. ഈ രണ്ടു പ്രകൃതികളുടെ ഭിന്നസ്വഭാവം നിമിത്തം അവയെ യോജിപ്പിക്കുന്നതു വളരെ ദുർഘടമായ ഒരു കാര്യമായിരുന്നു. രുക്മിണി അവളുടെ ചങ്ങാതിമാരായ പെൺകുട്ടികളോടുകൂടി സല്ലാപിച്ചു രസിക്കുന്നതു കേൾക്കുമ്പോൾ കുമാരന്നു പലപ്പോഴും അവരുടെ നേരെ അസൂയ തോന്നാറുണ്ടായിരുന്നു. എന്നിട്ടും അവൻ തന്നെത്താൻ കുറ്റപ്പെടുത്തിയതേയുള്ളു. ആ പെൺകിടാങ്ങളുടെ മാതിരി, വല്ല അസംബന്ധവും അവന്നും പറയുവാൻ സാധിക്കാറുമല്ല. എന്തെന്നാൽ, അവന്റെ സ്നേഹിതന്മാരോടു പല ശിഥിലകാര്യങ്ങളെപ്പറ്റിയും അവന്നു സംസാരിക്കേണ്ടി വന്നിട്ടുണ്ട്. പക്ഷേ പുരുഷന്മാർ രസിക്കുന്ന ശിഥിലസംഭാഷണങ്ങൾ സ്ത്രീസമക്ഷം യുക്തമായ്വരികയില്ലല്ലോ. ശ്രോതാക്കൾ ആരും ഇല്ലെങ്കിൽ കൂടി നമുക്ക് ഏകാന്തത്തിൽ തത്വജ്ഞാന വിഷയങ്ങളെപ്പറ്റി തന്നെത്താൻ വാദപ്രതിവാദങ്ങൾ ചെയ്യാൻ കഴിയും. എന്നാൽ, സ്വല്പകാര്യങ്ങളെപ്പറ്റി സംസാരിക്കേണമെങ്കിൽ, ചുരുങ്ങിയപക്ഷം, രണ്ടാളെങ്കിലും ആവശ്യമാണ്. ഒരു ഓടക്കുഴലിൽ നിന്നു ശബ്ദം പുറപ്പെടുവിക്കുവാൻ വേറൊരു കുഴൽകൂടി വേണമെന്നില്ല; എങ്കിലും 'എലത്താളം' രണ്ടെണ്ണം ഉണ്ടെങ്കിലേ ശബ്ദം കേൾക്കുവാൻ സാധിക്കയുള്ളു. സന്ധ്യാസമയങ്ങളിൽ പലപ്പോഴും രുക്മിണീസമേതനായി പുറത്തെ വരാന്തയിൽ ഇരുന്നിരുന്ന കുമാരൻ അവളോടു സംസാരിക്കുവാൻ അത്യന്തം ആഗ്രഹിക്കാറുണ്ടായിരുന്നു. എങ്കിലും ആ മോഹം, ക്ഷണേന ഭഗ്നമായിത്തന്നെ പരിണമിച്ചു. അവരുടെ മൗനവ്രതം സന്ധ്യാസമയത്തിന്റെ ശാന്തതയെക്കൂടി ലജ്ജിപ്പിക്കുവാൻ പര്യാപ്തമായിരുന്നു. രുക്മിണിക്കു തന്റെ

സന്നിധിയിൽ നിന്ന് എങ്ങിനെയെങ്കിലും കടന്നുപോയാൽ മതിയെന്നായിരുന്നു അഭിപ്രായം എന്നു കുമാരനു തോന്നാറുണ്ട്. വേറെ ഒരാൾകൂടി ഉണ്ടായിരുന്നെങ്കിൽ കൊള്ളാമെന്ന് അവൻ കലശലായി ആഗ്രഹിക്കാറുമുണ്ട്. സുഗമമായ സംഭാഷണത്തിനു രണ്ടാളുകൾ തമ്മിൽ അല്പം ശ്രമമുണ്ടെങ്കിലും മൂന്നാളുകളുണ്ടെങ്കിൽ വളരെ എളുപ്പമാണെന്ന് അനുഭവസിദ്ധമാണല്ലോ.

രുഗ്മിണി ആ മുറിയിലേക്കു വന്നാൽ അവളോടെന്താണ് പറയേണ്ടത് എന്നായിരുന്നു കുമാരൻെറ ആലോചന. എങ്കിലും മുൻകൂട്ടി ആലോചിച്ചു തീർച്ചപ്പെടുത്തിയ കൃത്രിമസംഭാഷണത്തിൽ അവനു തൃപ്തിയുണ്ടായിരുന്നില്ല. അന്നത്തെ രാത്രി അഞ്ചു നിമിഷം വൃഥാ കളയുകയായിരിക്കും ഫലം എന്ന് അവന്ന് ഭയമായിത്തുടങ്ങി. എങ്കിലും ധർമ്മസംഭാഷണത്തിന് അവന്ന് ഇനി അധികം അവസരമില്ലല്ലോ.

ഊട്ടക്കമണ്ട്.

—വി. ഉണ്ണികൃഷ്ണൻ നായർ.

## കിച്ചനർ പ്രഭു

### I

യുദ്ധതന്ത്രകുശലനും, രണശൂരനും, പരാക്രമശാലിയും, ലോകത്തിൽ ഈ അടുത്ത കാലത്തുണ്ടായിരുന്ന സർവ്വസൈന്യാധിപന്മാരിൽ വെച്ചു പലതുകൊണ്ടും പ്രഥമഗണനീയനും, ഇപ്പോൾ യൂറോപ്പിൽ നടക്കുന്ന സർവ്വലോകഭയങ്കരമായ സമരത്തിൽ ഐക്യകക്ഷികളുടെയും — വിശേഷിച്ചു ബ്രിട്ടീഷ് സാമ്രാജ്യത്തിൻെറയും — പ്രധാനമായ അഭയസ്ഥാനവുമായിരുന്ന കിച്ചനർ പ്രഭു അവർകളുടെ അപ്രതീക്ഷിതമായ അകാലനിര്യാണം ബ്രിട്ടീഷ് സാമ്രാജ്യത്തിനും ഐക്യകക്ഷികൾക്കു ആകപ്പാടെയും അപരിഹാര്യമായ ഒരു വലിയ നഷ്ടമായിട്ടുണ്ടെന്നുള്ളതിനു യാതൊരു സംശയവുമില്ല.

ഏററവും ദുഷ്കരങ്ങളായ കാര്യങ്ങൾ കൂടിയും യാതൊരപജയവും നേരിടാതെ തുടരെത്തുടരെ നിർവ്വഹിച്ച കിച്ചനർപ്രഭു അവർകളെപ്പോലെ ജയശ്രീയോടുകൂടി പ്രശോഭിച്ചിരുന്നവർ ലോകത്തിൽ വളരെ ചുരുക്കമാണെന്നാണ് ചരിത്രകാരന്മാർ ഘോഷിക്കുന്നത്. ഇദ്ദേഹത്തെപ്പററി റോസ്ബറിപ്രഭു അവർകൾ "അനന്യസാധാരണമായ ക്ഷമാശീലത്തോടുകൂടിയ യോദ്ധാവ്" എന്നു പറഞ്ഞിരിക്കുന്നു. ലോകചരിത്രത്തിൽ ഏററവും പ്രധാനമായ ഒരു സ്ഥാനത്തെ അർഹിക്കുവാനിടയുള്ളതായ ആധുനികമഹായുദ്ധത്തിൽ ഏർപ്പെട്ടിട്ടുള്ള യോദ്ധാക്കളിൽ വെച്ച് അഗ്രഗണ്യന്മാരിലൊരാൾ ഇദ്ദേഹമാണെന്ന് എല്ലാവരും ഐകകണ്ഠ്യേന സമ്മതിക്കുന്ന ഒരു സംഗതിയാണ്. ഇപ്രകാരമെല്ലാമിരുന്ന മഹാ

ത്മാവായ ആ ധീരപുരുഷന്റെ ജീവിതകഥ നാമെല്ലാം അറിഞ്ഞിരിക്കേണ്ടതാണല്ലോ.

## ജനനവും ബാല്യവും.

കിച്ചനർപ്രഭു അവർകൾ ഭൂലോകജാതനായതു് ൧൮൫൦ ജൂൺ ൨൪-ാംനു- ആണ്. ഇദ്ദേഹത്തിന്റെ സാക്ഷാൽ പേർ "ഹോറേഷ്യോ ഹേർബർട്ടു കിച്ചനർ" എന്നായിരുന്നു. ഇതിൽ "ഹോറേഷ്യോ" എന്നുള്ളതു പ്രസിദ്ധനാവികസൈന്യാധിപനായിരുന്ന നെൽസന്റെ ക്രിസ്ത്യൻനാമധേയമാണ്. കിച്ചനർകുടുംബവും നെൽസന്റെ കുടുംബവും തമ്മിൽ ഏററവും സൌഹാർദ്ദത്തോടുകൂടിയാണ് വർത്തിച്ചിരുന്നതു്. ഇതിന്റെ സൂചകമായി കിച്ചനർകുടുംബത്തിലുള്ളവരെ ആ പേരുകൂടി ചേർത്തു വിളിച്ചുവരിക സാധാരണമാണ്. നമ്മുടെ കഥാനായകന്റെ പിതാവു (ലഫ്ററനന്റ്) കർണ്ണൽ എച്ച്. എച്ച്. കിച്ചനർ എന്ന മാന്യനായിരുന്നു. കിച്ചനർപ്രഭു അവർകളുടെ ജന്മഭൂമിയാകുന്നതിനുള്ള ഭാഗ്യം സിദ്ധിച്ചതു്, അയർലണ്ടിലെ ഗൺസ്ബറൊ എന്ന പ്രദേശത്തിനാണ്. ഇദ്ദേഹത്തിന്റെ പിതാവു യുദ്ധവിദഗ്ദ്ധനായ ഒരുദ്യോഗസ്ഥനായിരുന്നതിനാൽ ഇദ്ദേഹത്തിനു ബാല്യകാലം മുതൽക്കു തന്നെ യുദ്ധകാര്യങ്ങളെ ഗ്രഹിക്കുന്നതിനും, ആ വിഷയത്തിൽ അഭിരുചി ജനിക്കുന്നതിനുമിടയായി. ബാല്യം മുതൽ ഏകദേശം പതിമ്മൂന്നു വയസ്സുവരെ ഇദ്ദേഹം ഓരോ പ്രത്യേകവിഷയങ്ങളിൽ വിദഗ്ദ്ധന്മാരായ പല ഉപാദ്ധ്യായന്മാരുടെ കീഴിൽ വിദ്യാഭ്യാസം ചെയ്തുകൊണ്ടിരുന്നു.

കിച്ചനർപ്രഭുവിന്റെ ബാല്യസ്വഭാവത്തെപ്പററി ചരിത്രകാരന്മാരുടെ അഭിപ്രായങ്ങൾ പരസ്പരവിരുദ്ധങ്ങളായിട്ടാണ് കാണപ്പെടുന്നതു്. കളികളിലും വിനോദങ്ങളിലും മററും ചേരുന്നതിൽ അദ്ദേഹത്തിനു വളരെ വൈമനസ്യമുണ്ടായിരുന്നു എന്നു ചിലരും, അങ്ങനെയല്ല, അദ്ദേഹം ഒരിടത്തു് അടങ്ങിയിരിക്കുന്നതിനു തന്നെ വളരെ ശാസിക്കേണ്ടിയിരുന്നു എന്നു മററു ചിലരും പറഞ്ഞുകാണുന്നു. എന്തായാലും അപരിചിതന്മാരുമായി സംഭാഷണം ചെയ്യുന്നതിനും ഇടപെടുന്നതിനും അദ്ദേഹം വളരെ മടികാണിച്ചിരുന്നു എന്നുള്ളതു തീർച്ചതന്നെ. എന്തെന്നാൽ, ഫുട്ബോൾ, ക്രിക്കററ് മുതലായ കളികളിൽ അദ്ദേഹത്തിനു ലേശംപോലും രസമില്ലായിരുന്നു എന്നും തോട്ടങ്ങളിലും മററും ആരുടെയും കൂട്ടുകൂടാതെ സഞ്ചരിക്കുന്നതായിരുന്നു അദ്ദേഹത്തിന്നധികം ഇഷ്ടമെന്നും ചിലർ പറയുന്നതിൽ വളരെ വാസ്തവമുണ്ടെന്നു തന്നെ ഊഹമാനിക്കേണ്ടിയിരിക്കുന്നു.

കിച്ചനർപ്രഭു അവർകൾക്കു ഫുട്ബോൾ, ക്രിക്കററ് മുതലായ കളികളിൽ ഒട്ടുംതന്നെ രസമില്ലായിരുന്നുവെങ്കിലും, വെള്ളത്തിൽ നീന്തിക്കളിക്കുന്നതിന് കുട്ടിക്കാലത്തു വളരെ താൽപര്യമുണ്ടായിരുന്നു. അദ്ദേഹം താമസിച്ചിരുന്ന "ക്രോട്ടാഫൌസ്സ്" എന്ന സ്ഥലത്തുനിന്നു് ഏഴുമയിൽ ദൂരത്തുള്ള കടലിൽ നീന്തിക്കളിക്കാനായി കുട്ടിക്കാലത്തു തന്റെ സഹോദരന്മാരോടുകൂടി പലപ്പോഴും പോകാറുണ്ടായിരുന്നു. കിച്ചനർപ്രഭുവും സഹോദരന്മാരും പോയിരുന്ന ആ സ്ഥലത്തു് എപ്പോഴും അത്യുഗ്ര

തയോടുകൂടി തിരമാലകൾ അടിച്ചുകയറിക്കൊണ്ടിരിക്കും. അതിനാൽ അവിടെ നീന്തിക്കുളിക്കുന്നതും കുളിക്കുന്നതും ആപൽകരമായിട്ടാണ് എല്ലാവരും ഗണിച്ചിരുന്നത്. എങ്കിലും അവൎക്കു നിത്യപരിചയം നിമിത്തം അവിടെ നീന്തുന്നതിനും കുളിക്കുന്നതിനും യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല.

കുട്ടിക്കാലത്തു കിച്ചനൎക്കു വിദ്യാഭ്യാസത്തിൽ ഉത്സാഹവും അഭിരുചിയും ഒട്ടും തന്നെ ഇല്ലായിരുന്നു. അതിനാൽ അദ്ദേഹത്തിൻെറ അച്ഛൻ അദ്ദേഹത്തെ കൂടെക്കൂടെ ശാസിക്കുകയും "നീ പരീക്ഷയിൽ തോല്ക്കുകയാണെങ്കിൽ നിന്നെ ഞാൻ പെൺപള്ളിക്കൂടത്തിലയയ്ക്കും" എന്നു പറയുകയും ചെയ്തിരുന്നു. അപ്രകാരം തന്നെ, കിച്ചനർ ഒരാണ്ടിൽ പരീക്ഷയിൽ തോല്ക്കുകയാൽ, അദ്ദേഹത്തെ അദ്ദേഹത്തിൻെറ അച്ഛൻ ആ ആണ്ടിൽ പെൺപള്ളിക്കൂടത്തിലയയ്ക്കുകയും "ഇനിയും നീ തോല്ക്കുകയാണെങ്കിൽ നിന്നെ ഞാൻ ചായവില്ക്കാനയയ്ക്കും" എന്നു പറയുകയും ചെയ്തു. പിതാവിൻെറ ഈ ആക്ഷേപവാക്കു കിച്ചനരുടെ മനസ്സിൽ നല്ലപോലെ കൊള്ളുകയും, അക്കാലം മുതൽ അദ്ദേഹം അത്യുത്സാഹത്തോടുകൂടി പഠിച്ചുതുടങ്ങുകയും പിന്നീട് ഒരു പരീക്ഷയിലും തോല്ക്കാതെ ആണ്ടുതോറും ജയിച്ചു ജയിച്ചു കയറിവരികയും ചെയ്തു.

ഇപ്രകാരം അദ്ദേഹം പതിമൂന്നു വയസ്സുവരെ അയർലണ്ടിൽ കഴിച്ചുകൂട്ടിയതിൻെറ ശേഷം ഒരു ദേശസഞ്ചാരം ചെയ്യണമെന്നു തീൎച്ചയാക്കുകയും, തൻെറ മൂന്നു സഹോദരന്മാരോടു കൂടി സ്വിററ്സർണ്ടിലെ ഒരു പട്ടണമായ "ജിനീവാ"യിലേക്കു പോവുകയും ചെയ്തു. അവിടെ അദ്ദേഹം ഒരു ഗുരുനാഥൻെറ കൂടെ കുറച്ചുനാൾ താമസിക്കുകയും, അവിടങ്ങളിലും മററു ചില സ്ഥലങ്ങളിലും സഞ്ചരിച്ചതിൻെറ ശേഷം ൧൮൬൮-ൽ തിരിയേ ലണ്ടനിലെത്തുകയും ചെയ്തു.

## യൌവനം.

ആ ആണ്ടിൽതന്നെ അദ്ദേഹം ലണ്ടനു സമീപം "വൂളിച്ച്" എന്ന സ്ഥലത്തുള്ള രാജകീയസൈനികശാസ്ത്രപാഠശാലയിൽച്ചേൎന്നു വിദ്യാഭ്യാസമാരംഭിച്ചു. അപ്പോൾ കിച്ചനറിനു പതിനെട്ടു വയസ്സു മാത്രമേ പ്രായമായിരുന്നുള്ളു. അക്കാലം മുതൽ ൨൧- വയസ്സു വരെ അദ്ദേഹം ആ കലാശാലയിൽ സൈനികശാസ്ത്രം പഠിക്കുകയും പരിശീലിക്കുകയും ചെയ്തു. അതിനാൽ അദ്ദേഹത്തിനു സൈനികഇഞ്ചിനീയറിംഗ് വകുപ്പിൽ ഏററവും താണനിലയിലുള്ള ഒരുദ്യോഗം ലഭിച്ചു. ആയിടയ്ക്കു കിച്ചനരുടെ മാതാവു മരിച്ചുപോവുകയാൽ അച്ഛൻ, തനിക്കു അയർലണ്ടിലുണ്ടായിരുന്ന വസ്തുവകകളെല്ലാം വിററു വിലവാങ്ങി, അവിടത്തെ താമസം മതിയാക്കി ഫ്രാൻസിലേയ്ക്കു പോയി അവിടെ ബ്രിട്ടനി എന്ന ദിക്കിൽ ഡിനാൻ എന്ന സ്ഥലത്തു താമസം തുടങ്ങി. അതിനാൽ കിച്ചനരും ഉടനെ ഫ്രാൻസിലേയ്ക്കു പോയി തൻെറ സ്ഥിരതാമസവും അവിടെയാക്കി. ആ ഇടയ്ക്ക് (൧൮൭൦-ൽ) ആണ് ചരിത്രപ്രസിദ്ധമായ ഫ്രാങ്കോ-പ്രഷ്യൻ യുദ്ധമുണ്ടായത്. ആ യുദ്ധത്തിൽ ഫ്രാൻസുകാർ ഒരു ഭാഗവും ജൎമ്മൻകാർ മറുഭാഗവുമായിരുന്നു. ഒരു യുദ്ധത്തിൽച്ചേൎന്നു അതിൻെറ രസം ആസ്വദിച്ചാൽ കൊള്ളാമെന്നുള്ള ആഗ്രഹ

ത്തോടുകൂടിയിരുന്ന കിച്ചനൎക്ക് ഇതൊരു നല്ല തരമായി. ആ യുദ്ധത്തിൽ ഇദ്ദേഹം ഫ്രാൻസുകാരുടെ ഭാഗത്ത് ഒരു വാളൻറിയറായി ചേൎന്ന് അതിവിദഗ്ദ്ധതയോടുകൂടി യുദ്ധംചെയ്തു. കിച്ചനൎ ചേൎന്നിരുന്ന സൈന്യത്തിൻെറ നേതാവു ചാൻസി എന്ന മഹാനായിരുന്നു. ജൎമ്മൻകാർ പാരീസിനെ നിരോധിക്കുന്ന സമയം അതിനെ രക്ഷിക്കുന്നതിനായി നിയമിച്ചിരുന്നത്, ഇദ്ദേഹത്തെ ആയിരുന്നു. താനേൎപ്പെടുന്ന സകല കാൎയ്യങ്ങളിലും കൃത്യനിഷ്ഠയോടും അത്യുത്സാഹത്തോടും കൂടി പ്രവൎത്തിക്കയെന്നുള്ള സൽസ്വഭാവം കിച്ചനൎക്കു ബാല്യകാലം മുതൽക്കേ ഉണ്ടായിരുന്നു. ആ വിശിഷ്ടഗുണം അദ്ദേഹം ഈ യുദ്ധത്തിലും വേണ്ടുംവണ്ണം പ്രകാശിപ്പിച്ചു. ഈ യുദ്ധകാലത്ത് അദ്ദേഹം ശത്രുക്കളുടെ കേന്ദ്രസ്ഥാനങ്ങൾ കണ്ടുപിടിക്കാനായി രണ്ടു സഹചരന്മാരോടുകൂടി ഒരു വിമാനത്തിൽക്കയറി യാത്രചെയ്കയാൽ അദ്ദേഹത്തിനു "ന്യൂമോണിയം" എന്ന ദീനം പിടിപെടുകയും, തന്നിമിത്തം ജോലി വിട്ട് ഏതാനും കാലം സ്വഗൃഹത്തിൽ താമസിക്കേണ്ടതായി വരികയും ചെയ്തു. ഈ യുദ്ധത്തിൽ ജൎമ്മൻകാർ ജയിക്കുകയും, ഫ്രാൻസുകാർ തോൽക്കുകയുമാണ് ചെയ്തതെങ്കിലും, കിച്ചനൎക്ക് അനേകം യുദ്ധകാൎയ്യങ്ങൾ ഗ്രഹിക്കുന്നതിനിടയായി.

ഫ്രാൻസുകാൎക്കു കിച്ചനർപ്രഭു അവരെക്കുറിച്ചുള്ള സ്നേഹവും ബഹുമാനവും ഒട്ടും ചില്ലറയല്ലായിരുന്നു. ഇയ്യിടെ അദ്ദേഹം അകാലനിൎയ്യാണത്തെ പ്രാപിച്ചിരിക്കുന്നുവെന്നുള്ള ദുഃഖവൎത്തമാനം ഫ്രാൻസിൽ എത്തിയ ക്ഷണത്തിൽ അവിടെ പലവിധത്തിൽ ദുഃഖത്തെ പ്രദൎശിപ്പിക്കുകയും, അവിടത്തെ പ്രസിഡെണ്ടു നമ്മുടെ ജോൎജ്ജു ചക്രവൎത്തി തിരുമനസ്സിലേപ്പേക്ക് ഒരനുശോചനകമ്പി അയയ്ക്കുകയും ചെയ്തു. ആ കമ്പിയിൽ കിച്ചനർപ്രഭു അവർകൾ ആദ്യമായി പോൎക്കളത്തിലിറങ്ങി യുദ്ധംചെയ്തതു ഫ്രാൻസിൽവെച്ചും ഫ്രാൻസിനു വേണ്ടിയുമായിരുന്നു എന്നുള്ളതു തങ്ങൾക്ക് ഏററവും അഭിമാനകരമായ ഒരു കാൎയ്യമാണെന്നുകൂടി പ്രസ്താവിച്ചിരുന്നു.

കിച്ചനർപ്രഭു, തനിക്കു പിടിപെട്ട ദീനം ശമിച്ചു സ്വസ്ഥശരീരനായ ഉടനെ ലണ്ടൻപട്ടണത്തിനു സമീപത്തു ചാത്തമിലും ആൽഡർഷോട്ടിലുമുള്ള സൈനികപാഠശാലകളിൽച്ചേൎന്നു യുദ്ധശാസ്ത്രത്തിലെ സാങ്കേതികങ്ങളായ ഓരോ സംഗതികൾ പഠിച്ചുകൊണ്ടിരുന്നു.

അങ്ങിനെയിരുന്ന കാലത്തു പലസ്തീൻരാജ്യവും അതിനു ചുററുമായി അറിയപ്പെടാതെ കിടന്നിരുന്ന മററു പല രാജ്യങ്ങളും കണ്ടുപിടിക്കുന്നതിനും, ശാസ്ത്രരീത്യാ യഥാക്രമം സൎവ്വേ ചെയ്ത് അവയ്ക്കു ഭൂമിശാസ്ത്രരേഖകളും പ്ലാനും പടവുമുണ്ടാക്കുന്നതിനുമായി ഇംഗ്ലണ്ടിൽ ഒരു കമ്മീഷൻ ഏൎപ്പെടുത്തപ്പെട്ടു. അതിലൊരംഗമായിച്ചേൎന്ന് അവരോടുകൂടി സഞ്ചരിക്കുന്നതിന് ഗവൎമ്മെൻറ് കിച്ചനറിനെക്കൂടി നിയമിച്ചു. അതിനാൽ പലസ്തീൻരാജ്യത്തേക്കു പുറപ്പെട്ടു.

യേശുക്രിസ്തുവിൻെറ അവതാരസ്ഥലമായ യരുശലേം മുതലായ പ്രദേശങ്ങൾ ഒരുകാലത്തു പ്രബലന്മാരായ മുഹമ്മദീയ രാജാക്കന്മാരുടെ കൈവശത്തിലായിപ്പോവുകയാൽ, അവയെ വീണ്ടെടുക്കുന്നതിനായി അനേകം ക്രൈസ്തവരാജാക്കന്മാർ ചേ

ന്നു പല യുദ്ധങ്ങൾ നടത്തീട്ടുണ്ട്. ചരിത്രത്തിൽ "ക്രൂശുയുദ്ധം" എന്നു പറയപ്പെട്ടിരിക്കുന്ന ഘോരസമരങ്ങൾ ഇവയാണ്. ഒരുകാലത്ത് ഇംഗ്ലണ്ടിലെ സിംഹാസനാധിപതിയായിരുന്ന റിച്ചാർഡ് ഒന്നാമനും മററു ചില രാജാക്കന്മാരും കൂടിച്ചേർന്ന് ഒരു ക്രൂശുയുദ്ധം നടത്തുകയും, അന്നത്തെ സാരസൻ(മുഹമ്മദീയരാജാവ്) ആയിരുന്ന സലാഡിൻ എന്ന സുൽത്താനെ ജയിച്ച പലസ്തീനിലുള്ള ഒരു പ്രധാനസ്ഥലമായ "അസ്കലൻ" പട്ടണം കൈവശപ്പെടുത്തുകയും ചെയ്തിരുന്നു.

മേൽപ്പറഞ്ഞ സർവേസംഘത്തിൽച്ചേർന്നു സഞ്ചരിച്ചിരുന്ന കാലത്തു ചരിത്രപ്രസിദ്ധമായ ആ അസ്കലൻപട്ടണത്തിൽ വെച്ചു കിച്ചനർക്ക് ഒരതിസാഹസം പ്രവർത്തിക്കേണ്ടതായി വന്നു. പലസ്തീൻ മുതലായ രാജ്യങ്ങൾ സർവേ ചെയ്യാനായി നിയമിക്കപ്പെട്ടിരുന്ന സംഘത്തിൽ പ്രധാനൻ, ലഫ്റ്റനന്റ് കൊൺഡർ എന്നൊരുദ്യോഗസ്ഥനായിരുന്നു. അദ്ദേഹവും കിച്ചനരും കൂടി അസ്കലൻപട്ടണത്തിനു സമീപത്തുള്ള മെഡിറററേനിയൻ കടലിൽ ഒരു ദിവസം കുളിക്കാനായിപ്പോവുകയും, അവിടെ നീന്തിക്കൊണ്ടിരുന്ന സമയം കൊൺഡർ ഒരു വലിയ ഒഴുക്കിൽ അകപ്പെടുകയും കരയ്ക്കു കയറുന്നതിന് ഒരു നിവൃത്തിയുമില്ലാതെ ഏററവും അവശനായിത്തീരുകയും ചെയ്തു. ഇതുകണ്ടു കിച്ചനർ വളരെ ഭയപ്പെട്ടുവെങ്കിലും, ഉടൻതന്നെ ധൈര്യത്തെ അവലംബിച്ചു യാതൊരു കൂസലും കൂടാതെ ആ ഒഴുക്കിലേയ്ക്കു ചാടി നീന്തിച്ചെന്നു കൊൺഡരെ പിടിച്ചു വലിച്ചിഴച്ചു കൊണ്ടുവന്ന് ഒരുവിധം കരയ്ക്കടുപ്പിച്ചു. ഇതു സാധിച്ചതു കിച്ചനരിന്റെ കുട്ടിക്കാലത്തെ പരിചയം നിമിത്തമാണെന്നുള്ളതു പറയണമെന്നില്ലല്ലോ.

പലസ്തീനിലും യൂദിയായിലുമായുള്ള ൧൦൦൦ ചതുരശ്രമൈൽ സ്ഥലം സർവേ ചെയ്തു പടവും പ്ലാനും തയ്യാറാക്കുന്നതിന് ൧൮൭൭-വരെ പലസ്തീൻരാജ്യത്തു താമസിക്കേണ്ടതായി വന്നു. എന്നാൽ ൧൮൭൫ വരെ മാത്രമേ ലഫ്റ്റനന്റ് കൊൺഡർ ഈ ജോലിയിലിരുന്നുള്ളു. അതിനാൽ പിന്നീട് ഇതിന്റെ ചുമതല പൂർണ്ണമായി വഹിച്ചതു കിച്ചനർ തന്നെയാണ്. ആ ഒരു കൊല്ലത്തിനിടയ്ക്ക് അദ്ദേഹം പടിഞ്ഞാറെ പലസ്തീയാരാജ്യം കൂടി സർവേ ചെയ്തുതീർത്തു. എങ്കിലും അതിന്റെ പടവും പ്ലാനും വരച്ചു ശരിപ്പെടുത്തുന്നതിനു അദ്ദേഹത്തിനു സാധിച്ചില്ല. ആ ജോലി ഇപ്പോഴും പൂർണ്ണമാകാതെ തന്നെയാണ് കിടക്കുന്നത്. ഈ ജോലിക്കായി ചെയ്ത സഞ്ചാരം നിമിത്തം കിച്ചനർക്ക് അറബിഭാഷകൂടി പഠിക്കുന്നതിനും, അതു പിന്നീടു പലവിധത്തിൽ പ്രയോജനകരമായിത്തീരുന്നതിനുമിടയായി.

പലസ്തീൻ മുതലായ സ്ഥലങ്ങളിലെ സർവ്വേ കഴിഞ്ഞപ്പോഴെയ്ക്കും ആ ജോലിയിൽ നല്ലപോലെ പരിചയം സിദ്ധിക്കുകയാൽ കിച്ചനരിനെ ആ ജോലിക്കു തന്നെ മറെറാരു സ്ഥലത്തു നിയമിച്ചു. അതു തുർക്കികളുടെ കയ്യിൽനിന്ന് ഇംഗ്ലീഷുകാർക്ക് കിട്ടിയതായ "സൈപ്രസ്സ്" എന്ന ദ്വീപാണ്. കിച്ചനർ ക്ഷണത്തിൽ ആ സ്ഥ

ലം സർവ്വേചെയ്തു തിരിക്കുകയും, അതിന്റെ പടവും പ്ലാനും തയ്യാറാക്കുകയും, ആ പടം മുതലായവ ൧൦൯൭-ൽ പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്തു.

കോട്ടയം.

—കെ. എം. മാത്തുള്ള മാപ്പിള.

## വിമാനങ്ങളുടെ ചുവട്ടിൽ.

ഈ യുദ്ധത്തിൽ ദശരഥൻ തന്നെ പുറപ്പെട്ടിട്ടുണ്ടോ എന്നു സംശയിക്കത്തക്ക വിധത്തിൽ എട്ടു ദിഗന്തങ്ങളെ കവിഞ്ഞ് ആകാശത്തിലും പാതാളത്തിലും കൂടി പോരു നടന്നുവരുന്നുണ്ടെന്നുള്ളത് എല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണല്ലോ. സഗരപുത്രന്മാർ പോയ വഴിയേ ഇപ്പോൾ ബ്രിട്ടീഷു "ഈ" ബോട്ടുകളും ജർമ്മൻ "ഉ" ബോട്ടുകളും സാധാരണമായി യാത്രചെയ്തുവരുന്നു. പക്ഷേ കടലിനടിയിൽ നടക്കുന്ന യുദ്ധത്തെപ്പററി കേട്ടറിവുള്ളതല്ലാതെ, കണ്ടറിവു നമുക്കില്ല. എന്നാൽ ആകാശയുദ്ധത്തിന്റെ കാര്യമങ്ങിനെയല്ല. കഴിഞ്ഞ ഒരു വർഷത്തിനകത്തു പലപ്രാവശ്യം വിരോധികളുടെ വിമാനങ്ങൾ നാട്ടിനെ ആക്രമിക്കുന്നതു ഞാൻ തന്നെ കണ്ടിട്ടുണ്ട്. അവയെപ്പററിയാണ് ഈ ലേഖനത്തിൽ എഴുതാമെന്നു വിചാരിക്കുന്നത്.

വിമാനങ്ങൾ പലതരത്തിലുണ്ട്. അവയുടെ വലിപ്പം ശക്തി മുതലായവയെപ്പററി ഇവിടെ വിസ്തരിച്ചിട്ടാവശ്യമില്ല. എങ്കിലും, വിരോധികളുടെ പക്ഷത്തിൽ ഉപയോഗിച്ചുവരുന്നവയിൽ പ്രാധാന്യമേറിയവയെപ്പററി സ്വല്പമൊന്നു പറയേണ്ടിയിരിക്കുന്നു. ജർമ്മൻകാർക്കുള്ള വിമാനങ്ങളിൽ എല്ലാററിലും വലിയതിനു 'സെപ്പലിൻ' എന്നാണ് പേർ. ഇത് ആകാശക്കപ്പലാണ്. വളരെ ഉയരത്തിലും വളരെ വേഗത്തിലും പറക്കുവാൻ അതിന്നു ശക്തിയുണ്ട്. പിന്നെ പറയേണ്ടതു 'ഫക്കർ' എന്ന വിമാനത്തെപ്പററിയാണ്. അതു വളരേ വലുതല്ല; എന്നാൽ കാററുപോലെ ശീഘ്രഗതിയാണ്. 'സീപ്ലെയിൻ' എന്നതു മുൻപു പറഞ്ഞവയെപ്പോലെ വേഗത്തിലും ഉയരത്തിലും പറക്കുന്നതിനു ശക്തിയുള്ളതല്ലെങ്കിലും, എളുപ്പത്തിൽ താഴ്ത്തുന്നതിനും ഉയർത്തുന്നതിനും കഴിയുന്നതാകകൊണ്ടു തുലോം ഉപയോഗമുള്ളതാകുന്നു.

'അളകാപതിക്കു സുഖയാത്ര ചെയ്യുവാൻ
കാളമായ പുഷ്പകവിമാനമൊന്നു താൻ
കളുവല്ല; "കേസരി"നൃപാലകന്നു പോർ-
ക്കളമൊന്നിലുണ്ടതിനൊടൊത്തൊരായിരം.'

എന്ന് എന്റെ ഒരു സ്നേഹിതൻ വിവരിച്ചിട്ടുള്ളത് അക്ഷരംപ്രതി വാസ്തവമത്രെ.

ആദ്യമായി ഞാൻ വിമാനാക്രമണത്തിൽ പെട്ടതു കഴിഞ്ഞാണ്ടിൽ ഒക്ടോബർ മാസം ൧൯-ാംനു-യാണ്. അതെങ്ങിനെയാണ് വന്നുകൂടിയതെന്നു പറയാം:

എന്റെ സ്നേഹിതനായ ഇന്ദുപുരത്തിലെ രാജകുമാരൻ മാർത്താണ്ഡരാവുഭാഗവതരുടെ അപേക്ഷ അനുസരിച്ച്, അ

ദ്ദേഹത്തോടുകൂടി രണ്ടുമൂന്നു ദിവസം താമസിക്കുന്നതിനായി അന്നേദിവസം വൈകുന്നേരം ഞാൻ ലണ്ടണിൽ എത്തിയിരുന്നു. വാൾഡോർപ്പ് ഹൊട്ടേൽ എന്ന സ്ഥലത്ത് എനിക്കു താമസത്തിനു വേണ്ട സൌകൎയ്യമെല്ലാം അദ്ദേഹം ഏൎപ്പാടു ചെയ്തിരുന്നു. ഹൊട്ടേലിൽവെച്ചു ഞങ്ങളുടെ പൊതുസ്നേഹിതനായ ക്രീക്ക് എന്ന ഒരിംഗ്ലീഷുകാരനെ കണ്ടുകൂടി. അന്നു രാത്രിയിൽ വിമാനങ്ങൾ വരാനിടയുള്ളതായി പോലീസുകാൎക്ക് അറിവുകിട്ടിയിട്ടുണ്ടെന്ന്, അയാൾ രഹസ്യമായി ഞങ്ങളോടു പറഞ്ഞു. അവയെ ഒന്നു കണ്ടാൽ കൊള്ളാം എന്നൊരാഗ്രഹവും വല്ല അപകടവും വന്നുചേൎന്നെങ്കിലോ എന്നൊരു പേടിയും ഞങ്ങളുടെ എല്ലാവരുടെയും മനസ്സിൽ കടന്നുകൂടി.

അന്നേദിവസം മാൎത്താണ്ഡറാവുവിന്റെ പിറന്നാൾ ആയിരുന്നതുകൊണ്ട് അദ്ദേഹം അതു കൊണ്ടാടുന്നതിനായി പട്ടണമദ്ധ്യത്തിലുള്ള ‘കാമഡി തീയേറ്റർ’ എന്ന നാടകശാലയിൽ ഒരു പ്രത്യേക ബോക്സ് (മററാരും ഇല്ലാതെ തനിയേ ഇരുന്നു നാടകം കാണുന്നതിനുള്ള ഒരു സ്ഥലം) മുൻകൂട്ടി ഏൎപ്പാടുചെയ്തിട്ടുണ്ടായിരുന്നു. ഞങ്ങൾ അവിടെ ചെന്നു കുറെസമയം കഴിഞ്ഞപ്പോൾ സ്നേഹിതൻ ക്രീക്ക് ബദ്ധപ്പെട്ട് ഓടിയെത്തി, “അതാ വിമാനങ്ങൾ വന്നിരിക്കുന്നു. വെടി വെക്കുന്ന ധ്വനി” എന്നു പറഞ്ഞു. അപകടം ഒക്കെ മറന്നു മററാരും കാണാതെ ഞങ്ങൾ പുറത്തെയ്ക്കിറങ്ങി. അപ്പോഴെയ്ക്കു വിമാനങ്ങൾ മറഞ്ഞുകഴിഞ്ഞിരിക്കുന്നു.

അന്വേഷിച്ചപ്പോൾ അതു വന്നു തീക്കട്ടകൾ എറിഞ്ഞ സ്ഥാനം, എന്റെ താമസത്തിന് ഏൎപ്പാടുചെയ്തിരുന്ന ഹോട്ടേലിനടുക്കലാണെന്നു മനസ്സിലായി. ഞങ്ങൾ മൂവരുംകൂടി ആ വഴിക്കു നടന്നു. സ്വല്പദൂരം ചെന്നപ്പോൾ ആൾത്തിരക്കും ലഹളയും കലശൽ. തീക്കട്ടകൾ വരുത്തിക്കൂട്ടിയ നാശം പല സ്ഥലത്തും കാണാമായിരുന്നു. മാൎണ്ണിങ്ങ്പോസ്റ്റ് എന്ന പ്രസിദ്ധപത്രത്തിന്റെ ആപ്പീസുകളിലേ പല ജനലുകളും തകൎന്നിരിക്കുന്നതായും, അതിനടുക്കലുള്ള ഒരു കെട്ടിടത്തിനു തീപിടിച്ചിരിക്കുന്നതായും ഞങ്ങൾ കണ്ടു. അവിടുന്നു തെല്ലകന്നുള്ള ‘സ്റ്റ്രാൻഡ് തീയേറ്റർ’ എന്ന നാടകശാലയിൽ പല തീക്കട്ടകൾ വീണതായും കാണികളിൽ പലരും മരിച്ചതായും മററുപലൎക്കും പരിക്കുകൾ സംഭവിച്ചതായും ഞങ്ങൾക്കു മനസ്സിലായി. എന്റെ താമസസ്ഥലത്തെയ്ക്ക് അവിടെനിന്നു വളരേ ദൂരമില്ല. സാമാനങ്ങൾക്കു വല്ലതും തരക്കേടു പററിയോ എന്നറിയുന്നതിലേയ്ക്കായി അവിടെ എത്തിയപ്പോൾ, അതിനു സമീപത്തിൽ പലൎക്കും അപകടം പററിയെങ്കിലും, ഹൊട്ടേലിൽ ചില ജനലുകൾ തകൎന്നതല്ലാതെ അപകടം ഒന്നും പററിയിട്ടില്ല എന്ന് അവിടുത്തെ വിചാരിപ്പുകാരൻ പറഞ്ഞു.

ഏതായാലും അകത്തു പോയി കിടന്നുറങ്ങുന്നതു പന്തിയല്ല എന്നു ഞങ്ങൾ തീൎച്ചപ്പെടുത്തി. “അവ ഇനിയും വന്നേക്കാൻ ഇടയുണ്ട്” എന്നാണ് പോലീസുകാരൻ പറഞ്ഞത്. അതുകൊണ്ട് ഉറക്കമിളച്ചു പട്ടണത്തിൽ അങ്ങുമിങ്ങും വിനോദാൎത്ഥം സഞ്ചരിക്കാമെന്നു നിശ്ചയിച്ചു പുറത്തിറങ്ങി. അല്പം കഴിഞ്ഞപ്പോൾ, “അ

താ! അവ പിന്നയും വന്നിരിക്കുന്നു” എന്നു പലരും വിളിച്ചുപറയുന്നതു കേട്ടു. അത്യുൽകണ്ഠയോടുകൂടി ഞങ്ങൾ മൂവരും ആകാശവീഥിയിലേയ്ക്കു നോക്കി. അപ്പോൾ കണ്ട കാഴ്ചപോലെ ഇതുവരെ ഞാൻ യാതൊന്നും കണ്ടിട്ടില്ല. സുവർണ്ണവർണ്ണമായ ഒരു വലിയ കുമ്പളങ്ങയുടെ ആകൃതിയിൽ, വളരെ ഉയരത്തിൽ ഒരു വിമാനം കാണപ്പെട്ടു. ചുവന്ന കടലാസുകൊണ്ടു തീർത്ത ഒരു വിളക്കിനകത്തു ദീപം കൊളുത്തിയ മാതിരി അതു ശോഭിച്ചിരുന്നു. ഒരിടത്തും ഉറച്ചുനില്ക്കാതെ അത് അങ്ങുമിങ്ങും ചാടി നടക്കുന്നതിന്റെ കാരണമെന്താണെന്നു, ഞങ്ങൾ ആശ്ചര്യപ്പെട്ടു. താഴെ നിന്നു വെക്കുന്ന വെടികൾ കൊള്ളാതിരിക്കുന്നതിനു വേണ്ടിയാണ്, ഇങ്ങിനെ തത്തിക്കളിക്കുന്നതെന്നു വേഗം മനസ്സിലായി. ആ വെടികൾ വിമാനത്തിന്റെ അടുക്കൽ ചെന്നു പൊട്ടുന്ന കാഴ്ച കാണേണ്ടതു തന്നെയാണ്. വലിയ വെടിക്കെട്ടുകളിൽ അവുട്ടുവെടികൾ വിടുന്നത് ആകാശത്തു ചെന്നു പൊട്ടിച്ചിതറി വീഴുന്നതുപോലെ എന്നു പറഞ്ഞാൽ, ആ കാഴ്ചയുടെ ഭംഗി ഏതാണ്ടു മനസ്സിലാകുന്നതാണ്.

ഇങ്ങിനെ താഴെ നിന്നുള്ള വെടികൾ അടുത്തു വരുന്നതു കണ്ടപ്പോൾ ആകാശസഞ്ചാരി അയാളുടെ വിമാനത്തിനകത്തുണ്ടായിരുന്ന വിളക്കുകൾ കെടുത്തിക്കളഞ്ഞു. അതിനാൽ അതിനെ ലക്ഷ്യമാക്കി, താഴെ നിന്നു വെടിവെയ്ക്കുന്നതിന് ഇരുട്ടുകൊണ്ടു ബുദ്ധിമുട്ടായി. വെടിനിന്നു എന്നു മനസ്സിലായതിനോടുകൂടി ആകാശസഞ്ചാരികൾ പിന്നയും തങ്ങളുടെ വിളക്കുകൾ കൊളുത്തി. അപ്പോൾ മൂന്നു വിമാനങ്ങൾ നേരേ കാണുമാറായി. അവ ഒട്ടുവളരെ തീക്കുടുക്കകൾ കീഴ്പ്പെട്ടെറിഞ്ഞു. അവയിൽ ഒന്നു, ഞങ്ങൾ നിന്നിരുന്ന സ്ഥലത്തുനിന്ന് ഒരു നൂറടി അകലെയായി വന്നു വീഴുകയുണ്ടായി. പലരും മരിച്ചു പോയെങ്കിലും ഞങ്ങൾക്ക് അപായം ഒന്നും പററിയില്ല.

ഇത്രയും ഏടാകൂടങ്ങൾ വരുത്തിക്കൂട്ടിയ ശേഷം അവ വന്നവഴിയേ പോകയും ചെയ്തു. വിമാനങ്ങളെ കണ്ടപ്പോൾ പേടി ഒക്കെപ്പോയെങ്കിലും അവ തിരിയേ വന്നേയ്ക്കുമോ എന്നുള്ള ഭയംകൊണ്ടു ഞങ്ങൾ ഉറങ്ങേണ്ടാ എന്നുതന്നേ തീർച്ചപ്പെടുത്തി. രാത്രി മുഴുവൻ ഞങ്ങൾ കഥയും പറഞ്ഞു കഴിച്ചുകൂട്ടി എങ്കിലും, വിമാനങ്ങൾ തിരിയേ വന്നില്ല.

ഇതിനുശേഷം ഞാൻ പലതവണയും വിമാനങ്ങൾ ഈ ദേശത്തെ ആക്രമിക്കുന്നതു കണ്ടിട്ടുണ്ട്. അവ എല്ലാംതന്നെ ‘ഫോക്കർ’ വിമാനങ്ങൾ ആയതുകൊണ്ട് എനിക്കു ലേശംപോലും പേടിയുണ്ടായില്ല. “തീയിൽ മുളച്ചതു വെയിലത്തു വാടുമോ” എന്ന മട്ടായി. സെപ്പലിൻ കണ്ടവനുണ്ടോ ഫോക്കർ കണ്ടാൽ പേടി?

എങ്കിലും അവയിൽ ഒരു സംഭവം ഇവിടെ പറയാമെന്നു വിചാരിക്കുന്നു. ഈ ഫെബ്രുവരി മാസം അവസാനത്തോടുകൂടി ഞാൻ ബ്രോഡ്സ്റ്റെയർസ് Broadstairs എന്ന സുഖവാസസ്ഥലത്തു താമസിക്കയായിരുന്നു. കടൽക്കരയിൽനിന്ന് ഒട്ടുസന്ധ്യയോടുകൂടി ഞാൻ പാർപ്പിടത്തിലേയ്ക്കു മടങ്ങുമ്പോൾ ആകാശത്തിൽ ഒരു വലിയ ആരവം കേൾക്കുമാറായി. വിമാനങ്ങൾ വരു

മ്പോൾ ഉണ്ടാകുന്ന ശബ്ദം, ഈ സമയം കൊണ്ട് ഒരു മാതിരി പരിചിതമായിരുന്നതിനാൽ ഞാൻ ഉടൻതന്നെ മേല്പോട്ടു നോക്കി. അതു ഒരു ഫക്കർവിമാനമായിരുന്നു. അധികം പൊക്കത്തിലല്ല പറന്നിരുന്നത്. അതിന്റെ യന്ത്രങ്ങൾ തിരിയുന്നതു നല്ലവണ്ണം കാണാമായിരുന്നു. ഞാൻ നിന്നിരുന്നതിന് ഒരു ൫൦ ഗജം മുൻപിലായി ഒരു തീക്കുടുക്ക വീണു. ദൈവഗത്യാ അതു പൊട്ടിത്തെറിച്ചില്ല. അതു പൊട്ടിയിരുന്നു എങ്കിൽ, ഈ വിശേഷങ്ങൾ എഴുതുവാൻ എനിക്കു സംഗതിവരുമായിരുന്നില്ല. പക്ഷേ എന്റെ അടുത്തു നിന്നിരുന്ന ഒരു അമ്മയ്ക്കും കുഞ്ഞിനും ആപത്തു പിണഞ്ഞു! തീക്കുടുക്ക വീഴുന്നതു കണ്ട്, 'അയ്യോ!' എന്നുപറഞ്ഞ് ആ സ്ത്രീ മോഹാലസ്യപ്പെട്ടു. കയ്യിലുണ്ടായിരുന്ന കുഞ്ഞു കൽത്തറയിൽ വീണു. ആശുപത്രിയിൽ ഉടൻതന്നേ കൊണ്ടുപോയി എങ്കിലും, ആ ശിശു രണ്ടുദിവസത്തിനകം മരിച്ചുപോയി.

അക്സ്ഫോർഡിൽ വിമാനങ്ങൾക്കു വരാൻ സാധിക്കയില്ല. അത് ഉൾനാടാണ്. ജർമ്മനിക്കടുക്കലുള്ള കിഴക്കേ കടൽതീരത്താണ് ഇവയുടെ ശല്യം കലശലായുള്ളത്. എന്നാലും, പട്ടണങ്ങളിൽ പുറത്തൊരിടത്തും വിളക്കു കൊളുത്താറില്ല. രാത്രി വഴിയൊക്കെ കൂരിരുട്ടാണ്. അതുകൊണ്ടുണ്ടാകുന്ന "അപകട"ങ്ങൾ അറിയേണമെന്നുള്ളവർ "കവനകൌമുദി" യുടെ കുംഭം ലക്കം വായിക്കട്ടെ

അക്സ്ഫോർഡ് (ഇംഗ്ലണ്ട്). ചാലയിൽ മാധവപ്പണിക്കർ.

## ഇതിഹാസം

## II

രാമായണം ഭാരതത്തെക്കാൾ പ്രാചീനമാണെന്നു കാണിക്കുന്നതിന്നു ഗണ്യമായ അനേകം തെളിവുകൾ ഉണ്ട്. അവയെ യുക്തിയുക്തമായി ഉപപാദിക്കുമ്പോൾ മുമ്പറഞ്ഞ വിമർശകന്മാരുടെ അഭിപ്രായങ്ങൾ തീരെ നിരാധാരങ്ങളാണെന്നു തെളിയുന്നതാണ്. ആകയാൽ അവയിൽ ചിലതിവിടെ പ്രസ്താവിക്കുന്നത് അനുപയുക്തമായിത്തീരുകയില്ലെന്നു കരുതുന്നു.

(൧). മഹാഭാരതത്തിൽ രാമായണകഥ വ്യക്തമായിപ്പറയപ്പെട്ടു കാണുന്നുണ്ട്. ദ്യൂതത്തിൽ പരാജിതനായ യുധിഷ്ഠിരൻ അനുജന്മാരോടും ധർമ്മപത്നിയോടും കൂടി വനത്തിൽ വസിക്കുന്ന കാലത്തു മാർക്കണ്ഡേയമുനി രാമചരിതമുദാഹരിച്ചു ഭവിതവ്യതയുടെ പ്രാബല്യത്തെ അനുഭവപ്പെടുത്തി, ജീവിതം സുഖദുഃഖസമ്മിശ്രമെന്നുപദേശിച്ചു, രാജാവിനെ ആശ്വസിപ്പിക്കുന്നു. ആ ഘട്ടത്തിന്നു രാമോപാഖ്യാനമെന്നാണ് പേർ കൊടുത്തിട്ടുള്ളത്. പുറമേ

ഭാരതത്തിൽ രാമായണകഥാപുരുഷന്മാരെ പല ഘട്ടങ്ങളിലും സ്മരിച്ചുകാണുന്നുണ്ട്. കൂടാതെ മഹാഭാരതത്തിൽ 7-ാം അദ്ധ്യായത്തിൽ രാമായണത്തിലെ 4-ാം കാണ്ഡത്തിലുള്ള മൂന്നു നാലു പംക്തികൾ യാതൊരു മാററവും കൂടാതെ ഉദ്ധരിക്കപ്പെട്ടിരിക്കുന്നു. അത്രയുമല്ല; രാമകഥ സുപ്രസിദ്ധമാകയാൽ വിസ്തരിക്കപ്പെടേണ്ട ആവശ്യമില്ലെന്നു വ്യാസർതന്നെ അഭിപ്രായപ്പെടുകയും ചെയ്യുന്നു.

